കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരംജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail: lfadtvm@yahoo.in

dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.11/222/2020

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം ജില്ല
തീയതി.4.6.2020

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തിരുവനന്തപുരം
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ ജി.പി.11/222/2020

തിയതി:4.6.2020

<u>തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30.09.2018 മുതൽ 31.03 .2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ.എം<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.01.2020 മുതൽ<br>31.01.2020 വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. സാബു.ജി. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ബിന്ദു.ഒ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അൻവർ രാജ്. എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ശരത്.ജെ.ശങ്കർ | ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഉഷാകുമാരി അമ്മ | 01.04.2018 മുതൽ<br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീ സായൂർദേവൻ നായർ | 01.4.2018 മുതൽ<br>30.06.2018 വരെ |
| | ശ്രീ ബൽജിത്ത് ജീവൻ. കെ | 01.07.2018 മുതൽ<br>31.03.2019 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ഗോപീകൃഷ്ണൻ ടി.എസ്. | 01.4.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി മേരി ജിഷ | 01.4.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. രമ എൽ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സജിത്ത്.എസ്.എ | 01.04.2018 മുതൽ 25.07.2018FNവരെ |
| | ഡോ. ഹേമലത | 25.07.2018AN മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ലീമ | 01.04.2018 മുതൽ 31.03.2019വരെ |
| വെറ്റിനറി സർജൻ | ഡോ. പി.ഒ. ശോശാമ്മ | 01.04.2018 മുതൽ 31.03.2019വരെ |
| വി.ഇ.ഒ, സർക്കിൾ- 1 | ശ്രീ അരുൺ നിഗ്ലി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, സർക്കിൾ - 2 | ശ്രീ അഭിലാഷ്.എം.എ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ദീപ.വി | 01.04.2018 മുതൽ 07.08.2018 വരെ |
| | ശ്രീമതി ശരണ്യ.എസ്.എസ്. | 08.08.2018 മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി ബിന്ദുകുമാരി.എൽ.വി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്, GLPS, ആലുംമൂട്. | ശ്രീമതി പുഷ്കലാമ്മാൾ | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി അൻസി.എ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബജറ്റ് രൂപീകരണം-അപാകങ്ങൾ | 1-12 |
| 13 | ആല്യംമൂട് മാർക്കറ്റ് പിരിവ് - അപാകങ്ങൾ | 1-13 |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 15 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു | 1-15 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 17 | സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ- അപാകങ്ങൾ | 1-17 |
| 18 | വസ്തു നികുതി- മേഖലാ നിർണ്ണയത്തിലെ അപാകങ്ങൽ | 1-18 |
| 19 | കെട്ടിട നിർമ്മാണ പെർമിറ്റ് ക്രവത്കരണ ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 1-19 |
| 20 | വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു | 1-20 |
| 21 | നികുതി ഇളവിന് അർഹയയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് നൽകിയിട്ടില്ല | 1-21 |
| 22 | പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത | 1-22 |
| 23 | കെട്ടിട നിർമ്മാണ പെർമിറ്റ് - അപാകങ്ങൾ | 1-23 |
| 24 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത | 1-24 |
| 25 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത | 1-25 |
| 26 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല | 1-26 |
| 27 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - ട്രേഡ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-27 |
| 28 | കെട്ടിടങ്ങളുടെ വാടക ഒടുക്കിയിട്ടില്ല. | 1-28 |
| 29 | ഇ-ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-29 |
| 30 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല | 1-30 |
| 31 | ആല്യംമൂട് മാർക്കറ്റ് - ലേലം നടപടികളിൽ ഗുരുതര വീഴ്ച | 1-31 |
| 32 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- 40050/- രൂപ തടസ്സപ്പെടുത്തുന്നു | 1-32 |
| 33 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല | 1-33 |
| 34 | വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്ക് - മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല. | 1-34 |
| 35 | ഡെപ്പോസിറ്റ് വർക്കിനായി വിവിധ ഏജൻസികളിൽ അടവ് വരുത്തിയ തുകയുടെ വിനിയോഗസാക്ഷ്യ പത്രം ലഭിക്കാനവശേഷിക്കുന്നു | 1-35 |
| 36 | ഹരിത കർമ്മ സേനയെ ഉപയോഗിച്ച് ഖരമാലിന്യ ശേഖരണം - പദ്ധതി നിർജീവാവസ്ഥയിൽ | 1-36 |
| 37 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല | 1-37 |

| | | |
|---|---|---|
| 38 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-38 |
| 39 | മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു | 1-39 |
| 40 | സ്ഥാപിക്കാത്ത നെയിംബോർഡിനായി തുക നൽകി | 1-40 |
| 41 | ജലശ്രീ കിണർ റീചാർജ്ജിംഗ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-41 |
| 42 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കിണർ റീചാർജ്ജിംഗ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-42 |
| 43 | ഹരിതഭവനം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-43 |
| 44 | കേദാരം നെൽക്കൃഷി വികസനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-44 |
| 45 | ആട്ടുവളർത്തൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-45 |
| 46 | അംഗനവാടികളിൽ പോഷകാഹാരം വിതരണം - സ്റ്റോക്ക് രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല | 1-46 |
| 47 | പുതിയ തുറന്ന കിണർ നിർമ്മാണം - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-47 |
| 48 | ഭവന പുനരുദ്ധാരണ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല- ചെലവ് തുക തടസ്സംചെയ്യുന്നു. | 1-48 |
| 49 | കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് | 1-49 |
| 50 | സാക്ഷരതാ തുടർപ്രവർത്തനം - പദ്ധതി ലക്ഷ്യം കണ്ടില്ല | 1-50 |
| 51 | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.)- പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ നിലനിൽക്കുന്നു | 1-51 |
| 52 | ഉപയോഗിക്കാത്ത പാലിയേറ്റിവ് കെയർ ആംബുലൻസ് | 1-52 |
| 55 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ - 2,00,000/- രൂപയുടെ മരുന്ന് ലഭിക്കാനവശേഷിക്കുന്നു | 1-53 |
| 54 | വനിതകൾക്കും കുട്ടികൾക്കും യോഗ പരിശീലനം - നിർവ്വണത്തിൽ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല | 1-54 |
| | ഭാഗം-2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 55 | ആലുംമൂട് മാർക്കറ്റ് പിരിവ് - 3050/- രൂപ ഒടുക്ക് വരുത്തേണ്ടതാണ് | 2-1 |
| | ഭാഗം-3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 56 | നെയിം ബോർഡ് സ്ഥാപിച്ചില്ല. ചെലവു തുക 5692/- രൂപ നിരാകരിക്കുന്നു | 3-1 |
| 57 | ആലുംമൂട് മാർക്കറ്റ് – തിരികെ നൽകിയ നിരതദ്രവം-10000/- രൂപ നിരാകരിക്കുന്നു. | 3-2 |
| 58 | ജലശ്രീ കിണർ റീ ചാർജിംഗ്-2430/- രൂപ നിരാകരിക്കുന്നു. | 3-3 |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 59 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 60 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 61 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 62 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 63 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 64 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| 65 | ഓഡിറ്റ് റിക്കവറി | 4-7 |
| 66 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 67 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 68 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 69 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 26.03.2018ലെ1/1 ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 21.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7565224 |
| വരവ് | 104867409 |
| ആകെ | 112432633 |
| ചെലവ് | 105830274 |
| നീക്കിയിരിപ്പ് | 6602359 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15812530 | 15812530 | 15812530 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10705621 | 10705621 | 10705621 | 0 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 3433185 | 3433185 | 3433185 | 0 |
| മെയിന്റനൻസ് ഫണ്ട് - നോൺ-റോഡ് | 0 | 3870000 | 3870000 | 3870000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8093578 | 8093578 | 8093578 | 0 |
| സാക്ഷരത | 9984 | 0 | 9984 | 649 | 9335 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 448079 | 256516 | 704595 | 695769 | 8826 |
| എസ്.എസ്.എ | 240136 | 8516 | 248652 | 0 | 248652 |
| എസ്.ബി.ഐ ലൈഫ് | 0 | 21210751+ 10031(പലിശ) | 21220782 | 21200000 | 20782 |
| ജോയിന്റ് വെഞ്ചർ ജില്ലാ | 0 | 3644505 | 3644505 | 3444375 | 200130 |

| | | | | | | | |
|---|---|---|---|---|---|---|---|
| അക്കൗണ്ട് | | പഞ്ചായത്ത് | | | | | |
| | | ബ്ലോക്ക് പഞ്ചായത്ത് | 170813+ 500000 | 3033005 | 3703818 | 2438175 | 1267689* |
| ബി ഫണ്ട് | | | 0 | 721440 | 721440 | 721440 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 1039268 | 11528089 | 14501732 | 13914989 | 586743 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | ഐ.ഒ ബി തനത് ഫണ്ട് | 606 | 27171020** | 32229161 | 26862834 | 5366327 |
| | | പവർഗ്രിഡ് | 306135 | | | | |
| | | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 5058141 | | | | |
| | | ജില്ലാ സഹകരണ ബാങ്ക് | 159826 | 0 | 159826 | 0 | 159826 |
| | | എസ്.ബി.ഐ. ഇ പേയ്മെന്റ് | 19427 | 87492 | 106919 | 1062 | 105857 |
| | ട്രഷറി | ട്രഷറി തനത് ഫണ്ട് | 71746 | 0 | 71746 | 0 | 71746 |
| ക്യാഷ് | | | 211876 | 24265 | 236141 | 211876 | 24265 |

- **606 ഐ.ഒ.ബി തനത് ഫണ്ട്, 306135 എസ്.ബി.റ്റി പവർ ഗ്രിഡ്, എന്നിവ ജേർണൽ എൻട്രി വഴി തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് മാറ്റി 1940630 ബ്ലോക്ക് വിഹിതം, 2826505 ജില്ലാ വിഹിതം,22097144 തനത് ഫണ്ട്

  * വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ്, വാർഷിക ധനകാര്യ പത്രിക പരിശോധന റിപ്പോർട്ടിൽ വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 133566728 | 134 | 78750007 | 3 | 31 | 80 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 448079 | 256516 | 704595 | 695769 | 8826 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 40295405 | 40295405 | 40295405 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 511440 | 275 |
| കർഷകതൊഴിലാളി പെൻഷൻ | 1366400 | 101 |
| വിധവാപെൻഷൻ | 12423700 | 3017 |
| വാർദ്ധക്യകാലപെൻഷൻ | 26759000 | 6323 |
| വികലാംഗപെൻഷൻ | 4054600 | 950 |
| വിവാഹധനസഹായം | 210000 | 7 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 164000 | 40 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2020, AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28001/-(ഇരുപത്തിയെണ്ണായിരത്തി ഒന്ന്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്. വരവ് ഇനങ്ങളുമായി ബന്ധപ്പെട്ട രസീത് ബുക്ക് പരിപാലിക്കുന്നതിലും, ദിവസ കളക്ഷൻ ഒടുക്ക് വരുത്തുന്നതിലും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. കൂടാതെ ലേല വ്യവസ്ഥകളിൽ സുതാര്യത ഉറപ്പാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ശ്രദ്ധ അനിവാര്യമാണ്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നതിൽ അപാകതയുണ്ട്. വൗച്ചറുകളും, ബന്ധപ്പെട്ട രജിസ്റ്ററുകളും,രേഖകളും പരിശോധിച്ച് പ്രതിമാസ കണക്കുകളിൽ ഉൾക്കൊള്ളിച്ച ചെലവുകൾ ബജറ്റിൽ അധികരിച്ചിട്ടില്ലെന്നും മിതവും കാര്യക്ഷമവുമാണെന്നും ഉറപ്പുവരുത്തുന്നതിൽ വീഴ്ചയുണ്ട്. ബിൽ രജിസ്റ്ററും ചെലവ് വൌച്ചറുകളും, സബ് വൌച്ചറുകളും സൂക്ഷിക്കുന്നതിൽ അപാകമുണ്ട്. വസ്തു നികുതി സഞ്ചയ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ പൂർണ്ണമായും തിരിച്ചറിഞ്ഞ് പരിഹരിച്ചിട്ടില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.

. വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ നിർവ്വഹണോദ്യോഗസ്ഥർ ആവശ്യകതാ നിർണയം നടത്തുന്നില്ല. ആയതിനാൽ പദ്ധതികൾ അപൂർണമാകുകയോ, ഗുണഭോക്താക്കളുടെ അഭാവത്തിനോ കാരണമാകുന്നു. ഇതിനുപുറമേ ആനുകൂല്യങ്ങൾ നൽകുന്നതിന് ഗുണഭോക്താക്കളുടെ മുൻഗണനാക്രമം കൃത്യമായി പാലിക്കപ്പെടുന്നില്ല. കൂടാതെ അധികമായി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി ഫയലിൽ സൂക്ഷിക്കുന്നുമില്ല. പദ്ധതികളുടെ

മോണിട്ടറിംഗ് നിലവിൽ ഫലപ്രദമല്ല. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിൽ കൃഷി ഓഫീസറിനും വി.ഇ.ഒ യ്ക്കും വീഴ്ച സംഭവിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന പദ്ധതികൾ വ്യാപകമായി റിവൈസ് ചെയ്യുന്നത് അഭിലഷണിയമല്ല. രജിസ്റ്ററുകളും ഫയലുകളും പരിപാലിക്കുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയർ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ലൈസൻസ് അപേക്ഷകൾ പരിശോധിക്കാൻ സാധിക്കുന്ന വിധത്തിലല്ല ഓഡിറ്റിനായി ഹാജരാക്കിയത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.07.2019 | 04/2018 മുതൽ 06/2018 വരെ | 23.10.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.17 മുതൽ 08.03.17 വരെ | 2011-12 മുതൽ 2015-16 വരെ | 15.04.2017 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം./ജി.പി.11/2019 തീയതി 19.08.2019 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള ന്യൂനതകൾ കൂടാതെ ഓഡിറ്റിൽ കണ്ടെത്തിയ ന്യൂനത ചുവടെ ചേർക്കുന്നു.

സംസ്ഥാനാവിഷ്കൃത ഫണ്ട് ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയില്ല. അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മാലിന്യശേഖരണത്തിനുള്ള മെറ്റീരിയൽ റിക്കവറി കളക്ഷൻ സെന്റർ നിർമ്മാണം(125/19) എന്ന പദ്ധതി പ്രകാരം 2018-19 ൽ 674525/-രൂപ ചെലവഴിച്ചിട്ടുണ്ട് (വികസന ഫണ്ട്-168740/-, സംസ്ഥാനാവിഷ്കൃത ഫണ്ട്- 505785/- ). എന്നാൽ 2018-19 ലെ സുലേഖ ചെലവു പത്രികയിൽ വികസന ഫണ്ട് ചെലവു തുകയായ 168740/-രൂപ മാത്രമാണ് ഉൾപ്പെടുത്തിയത്. സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 ബജറ്റ് രൂപീകരണം-അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് ശുപാർശകൾ ഉൾപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വാർഷിക ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അക്കൗണ്ട് കോഡ് അടിസ്ഥാനത്തിൽ തയ്യാറാക്കണമെന്ന വ്യവസ്ഥയും ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ല. ആയതിനാൽ ബജറ്റിൽ ഉൾപ്പെടാത്ത

ചെലവുകളുടെ വിവരവും ബജറ്റിൽ ഉൾപ്പെടുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചതിന്റെ വിവരവും പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ ബജറ്റ് നടപടിക്രമങ്ങളുടെ വിവരവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/22.01.2020) മറുപടി ലഭ്യമായിട്ടില്ല. 28.03.2011 ലെ എസ്.ആർ.എ നമ്പർ266/2011 നമ്പർ വിജ്ഞാപന പ്രകാരം ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിൽ, ഫങ്ഷൻ ഫങ്ഷനറി അക്കൗണ്ട് കോഡ് അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ടാണ് ബജറ്റ് തയ്യാറാക്കിയതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം ബജറ്റ് തയ്യാറേക്കണ്ടതാണ്.

## 1-13 ആലുംമൂട് മാർക്കറ്റ് പിരിവ് - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആലുംമൂട് മാർക്കറ്റിന്റെ ലേലം നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിലും ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം (31.03.2018 ലെ 3(3)നമ്പർ) 01.04.2018 മുതൽ 30.06.2018 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്ത് നേരിട്ട് മാർക്കറ്റ് പിരിവ് നടത്തിയിട്ടുണ്ട്. മാർക്കറ്റ് പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)മാർക്കറ്റ് പിരിവ് നടത്തുന്നതിനായി നിശ്ചയിച്ച ഇനം തിരിച്ചുള്ള നിരക്കും , നിരക്ക് നിർണയിച്ചതിന്റെ പഞ്ചായത്ത് കമ്മിറ്റി തീരുമാനവും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2)മാർക്കറ്റ് പിരിവ് നടത്തുന്നതിനായി അച്ചടിച്ച രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3)രസീത് നമ്പർ.601 മുതൽ 700 വരെയുള്ള രസീതുകളിൽ വൺസൈഡഡ് കാർബൺ ഉപയോഗിച്ചാണ് തുക പിരിച്ചെടുത്തിട്ടുള്ളത്.

4)രസീത് നമ്പർ 463,497 എന്നിവയിൽ പിരിച്ചെടുത്ത തുക രേഖപ്പെടുത്തിയിട്ടില്ല.

5) രസീത് നമ്പർ 503,553 എന്നീ രസീതുകൾ രസീത് ബുക്കിൽ സൂക്ഷിച്ചിട്ടില്ല.

6)രസീത് നമ്പർ. 937,1278,1469,2333 എന്നീ രസീതുകളിൽ യഥാർത്ഥ രസീത് നൽകിയശേഷം തുകയിൽ മാറ്റം വരുത്തിയിട്ടുണ്ട്. (ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച രസീതിന്റെ മറു ഭാഗത്ത് തുകയിൽ മാറ്റം വന്നിട്ടില്ല)

7)മാർക്കറ്റ് രസീത് കളക്ഷൻ രജിസ്റ്ററിൽ രസീത് നമ്പർ ക്രമത്തിൽ ഓരോ ദിവസവും പിരിച്ചെടുത്ത തുക രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൂടാതെ പിരിച്ചെടുത്ത തുക ഗ്രാമപഞ്ചായത്തിൽ പൂർണ്ണമായും ഒടുക്ക് വരുത്താതെ തുടർ ദിവസങ്ങളിൽ പല തവണകളായാണ് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. തുക അതത്/തൊട്ടടുത്ത പ്രവൃത്തി ദിവസം ഒടുക്ക് വരുത്തണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. ഉദാഹരണമായി താഴെപ്പറയുന്ന തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം പൂർണ്ണമായും ഒടുക്ക് വരുത്താതെ തുടർ ദിവസങ്ങളിലാണ് ഒടുക്കിയിട്ടുള്ളത്.

| പിരിച്ചെടുത്ത തീയതി | ഒടുക്ക് വരുത്തിയ തീയതി | രസീത് പ്രകാരം പിരിച്ചെടുത്ത തുക | ഒടുക്ക് വരുത്തിയ തുക |
|---|---|---|---|
| 01.04.2018 | 03.04.2018 | 2180 | 2000 |
| 03.04.2018 &04.04.2018 | 05.04.2018 | 4700 | 2500 |

01.04.2018 മുതൽ 30.06.2018 വരെ ക്രമനമ്പർ 1 മുതൽ 2969 രസീത് വരെ പിരിച്ചെടുത്ത 235135 /- രൂപയിൽ 234085/- രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/24.01.2020 ന് മറുപടി ലഭ്യമാക്കിയില്ല. മാർക്കറ്റ് പിരിവ് നടത്തുന്നതിലും രസീത് കൈകാര്യം ചെയ്യുന്നതിലും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഗുരുതര വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. ഒടുക്ക് വരുത്തുന്നതിൽ കുറവ് വന്ന തുകയായ 1050/- രൂപ പിഴപ്പലിശ സഹിതം ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ ക്രമനമ്പർ (4) പ്രകാരം തുക രേഖപ്പെടുത്താത്ത രസീതുകളിലെയും ക്രമ നമ്പർ (5) പ്രകാരം ലഭ്യമാക്കാത്ത രസീതുകളിലെയും തുകകൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2018-19വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.08/22.01.2020 ന് ലഭ്യമാക്കിയ മറുപടിയിൽ 21 കരാറുകാർ 2018-19 വർഷം മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-15 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2018-19 വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.1.2019 ലെ(സി.എസ്).എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്നറിയിച്ചിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 18/22.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ ചുവടെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2018- 2019 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. കെ.എസ്.ഇ.ബി.

2. ഇന്ത്യൻ ഓവർസീസ് ബാങ്ക്

3. ഏഷ്യൻ ഏവിയേഷൻ സ്കൂൾ

4. സപ്ലൈ കോ മാവേലി സ്റ്റോർ

5.ബി.എസ്.എൻ.എൽ.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.50/31.01.2020 ന് ലഭിച്ച മറുപടിയിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 (കെ) പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതാണ്. വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-17 സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ-അപാകങ്ങൾ

1)ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫോറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോറം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി വസ്തു നികുതി കണക്കാക്കിയ ജീവനക്കാർ തയ്യാറാക്കിയ ഫോറം 6 പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

2)നികുതി ഒഴിവാക്കി നൽകി-രേഖകൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യപത്രിക I-18 (Prior period Items) ഷെഡ്യൂളിൽ prior period income Property tax on residential building ഇനത്തിൽ 848902/- രൂപയും prior period income Property tax on non-residential buildingഇനത്തിൽ 77800/- രൂപയും ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഡിമാന്റ് ഒഴിവാക്കിയതിന്റെ കാരണവും, ഒഴിവാക്കിയത് സംബന്ധിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 42/30.01.2020,48/31.01.2020 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകൾ കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-18 വസ്തു നികുതി- മേഖലാ നിർണയത്തിലെ അപാകങ്ങൾ

a)മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

b)വെരിഫിക്കേഷൻ റിപ്പോർട്ടും സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലും പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വെരിഫിക്കേഷൻ റിപ്പോർട്ടും സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലും പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി

| ക്രമ നം | വാർഡ് നം/കെട്ടിട നം | ഫയൽ നം | അന്വേഷണ റിപ്പോർട്ട് പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|---|---|
| 1 | IV/581 | A3.3008/18<br>03.05.2018 | കെട്ടിടത്തിന്റെ തറ-സിമന്റ്<br>കെട്ടിടത്തിന്റെ തറ-മേൽക്കൂര-ഷീറ്റ് | തടി മാർബിൾ/ഗ്രാനൈറ്റ്/ടൈൽസ്/മറ്റ് വിലയേറിയ വസ്തുക്കൾ<br>മേൽക്കൂര - കോൺക്രീറ്റ് |
| 2 | 09/174 | A3.3389/17<br>18.05.2017 | മേൽക്കൂര- ഷീറ്റ് | മേൽക്കൂര - കോൺക്രീറ്റ് |

c)സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല

ഗ്രാമപഞ്ചായത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നൽകി സഞ്ചയ പ്രകാരം വസ്തു നികുതി ഈടാക്കുന്നു. ഗ്രാമപഞ്ചായത്തിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണയം നടത്തിയിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നം | കെട്ടിട നമ്പർ | പ്രദേശം | മേഖല |
|---|---|---|---|
| 1 | 3/519 | മംഗലപുരം പോത്തൻകോട് റോഡ് | പ്രഥമം |
| | 3/520 | മംഗലപുരം പോത്തൻകോട് റോഡ് | ദ്വിതീയം |
| 2 | 3/844 | വെള്ളൂർ ആനതാഴ്ചിറ റോഡ് | ത്രിതീയം |
| | 3/845 | വെള്ളൂർ ആനതാഴ്ചിറ റോഡ് | ദ്വിതീയം |

| | | | |
|---|---|---|---|
| 3 | 4/457 | നടവഴി | തൃതീയം |
| | 4/454 | നടവഴി | ദ്വിതീയം |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 42/30.01.2020,48/31.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും നികുതി നിർണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-19 കെട്ടിട നിർമ്മാണ പെർമിറ്റ് ക്രമവല്കരണ ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 135 പ്രകാരം ക്രമവല്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ ഒരു പുതിയ അപേക്ഷയുടെ കാര്യത്തിലെന്നപോലെ ആയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ അപേക്ഷയോടൊപ്പം പെർമിറ്റ് ഫീസും, പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് കൂടാതെയുള്ള ക്രമവല്കരണത്തിന് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11.11.2015-ലെ 229813/ആർ.ഡി.2/15/ത.സ്വ.ഭ.വ നമ്പർ കത്തിൽ മേൽ വിഷയം സംബന്ധിച്ച് സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതിനാൽ അപേക്ഷയോടൊപ്പം പെർമിറ്റ് ഫീസും , പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.48/31.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് കൂടാതെയുള്ള ക്രമവല്കരണത്തിന് പെർമിറ്റ് ഫീസും, പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു

2018-19 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് /വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നമ്പർ/തീയതി | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 7/392 | സുലൈമാൻ, അൻസർ മൻസിൽ,ചേറുംവിള | 118100101694/28.05.2018 | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 210 |
| 2 | 6/281 | അൻസി,അൻസി മൻസിൽ കീഴാവൂർ | 118070100087/11.06.2018 | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 42 |
| 3 | 13/403 | സന്ധ്യ,ഗൗരീശം | 118070101079/25.07.2018 | 2018-19 ഒന്നും രണ്ടും | 790 |

| | | | | | |
|---|---|---|---|---|---|
| | | ,വെട്ടുറോഡ് | | അർദ്ധ വർഷങ്ങൾ | |
| 4 | 2/319 | അനിൽകുമാർ,അലോഹ് ഭവൻ, പള്ളിപ്പുറം | 118070101080/25.07.2018 | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 210 |
| 5 | 1/30 | നജ്മം സീനത്ത് ബീവി, ഊറ്റുകുഴിവീട് പള്ളിപ്പുറം | 118070101081/25.07.2018 | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 20 |
| 6 | 18/230 | അബ്ദുൾ കരിം, ആല്വമൂട് വീട്,പള്ളിപ്പുറം | 118070101136/28.07.2018 | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 119 |
| 7 | 1/310 | ജി.അശോകൻ, അപ്പോളോ കോളനി , പള്ളിപ്പുറം | 118070102575/01.10.2018 | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 241 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 42/30.01.2020ന് മറുപടി ലഭ്യമാക്കിയില്ല. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ ലഭിച്ച വരവിനേക്കാൾ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-21 നികുതി ഇളവിന് അർഹയയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് നൽകിയിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ കെട്ടിടങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടില്ല എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റായി തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 1/31 | ബീന, കുന്നിൽ വീട്, പള്ളിപ്പുറം |
| 2 | 1/34 | എൻ.സത്യശീലൻ, ഗോകുലം, പള്ളിപ്പുറം |
| 3 | 1/49 | മുഹമ്മദ് ഇസ്മായിൽ, ചെമ്പുവിള വീട് |
| 4 | 1/200 | പാത്തുമ്മാൾ ബീവി, പണ്ടാരക്കരി, പള്ളിപ്പുറം |
| 5 | 1/215 | ഷൈന.എ, പുളിമൂട്ടിൽ വീട്, പള്ളിപ്പുറം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 42/30.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങൾക്ക് വസ്തു നികുതി ഡിമാന്റ് ചെയ്യാത്തത് ഗുരുതരമായ പിഴവാണ്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-22 പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ച് കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. താഴെപ്പറയുന്ന

കെട്ടിടങ്ങൾ പൊളിച്ച നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഫയൽ നമ്പർ/ തീയതി | കെട്ടിട നമ്പർ | പേര് /വിലാസം | ഉപയോഗക്രമം | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|---|
| 1 | A3.8395/18 12.12.2018 | 13/09 | നാസിമുദ്ദീൻ, മണക്കാട്ട് വിളാകം | പാർപ്പിടം | 2018 ഒന്നാം അർദ്ധവർഷം മുതൽ |
| 2 | A3.8592/18 20.12.2018 | 06/326 | സജി, ഊന്നുകല്ലിൻ വീട്, കീഴാവൂർ | പാർപ്പിടം | 2018 ഒന്നാം അർദ്ധവർഷം മുതൽ |
| 3 | A3.1760/19 06.03.2019 | 03/391 | രമേശനാശാരി, വിളയിൽ വീട്, കൊയ്ത്തൂർക്കോണം | പാർപ്പിടം | 2018 ഒന്നാം അർദ്ധവർഷം മുതൽ |
| 4 | A3.2663/19 31.03.2019 | 03/397 | സരസമ്മ, പുതുവൽ പുത്തൻ വീട്, കൊയ്ത്തൂർക്കോണം | പാർപ്പിടം | 2018 ഒന്നാം അർദ്ധവർഷം മുതൽ |
| 5 | A3.8806/18 29.12.2018 | 17/93 | സുകുമാരൻ, തോപ്പിനകത്ത് വീട് | പാർപ്പിടം | 2018 ഒന്നാം അർദ്ധവർഷം മുതൽ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.48/31.01.2020 ന് മറുപടി ലഭ്യമാക്കിയില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 കെട്ടിട നിർമ്മാണ പെർമിറ്റ് - അപാകങ്ങൾ

2018-19 വർഷത്തെ പെർമിറ്റ് രജിസ്റ്റർ പ്രകാരമുള്ള 20 അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1)പെർമിറ്റ് നം -A3-BA(67690)/2018 തീ.04.04.2018

അപേക്ഷകൻ - പ്രതാപ് കുമാർ & ഷംല പ്രതാപ് കുമാർ, പ്രതാപ് ഭവൻ, ചന്തവിള, കാട്ടായിക്കോണം

കെട്ടിടം - പാർപ്പിടം ( 299.4 m2)

വാർഡ് നമ്പർ-15, സർവ്വേ നമ്പർ - 479/1

കൈവശാവകാശ സർട്ടിഫിക്കറ്റ് നമ്പർ - 491/18 തീ. 17.03.2018 (വില്ലേജ് ഓഫീർ പള്ളിപ്പുറം)

പള്ളിപ്പുറം വില്ലേജിലെ റീസർവ്വേ നമ്പർ 479/1 നമ്പരിൽപ്പെട്ട വസ്തു വില്ലേജ് രേഖകളിൽ നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കാനുള്ള കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല

2)പെർമിറ്റ് നം - A3-BA(204016)/2018 തീ.23.08.2018

അപേക്ഷകൻ - ഷാജഹാൻ,ഷാ മൻസിൽ, കഴക്കൂട്ടം

വാർഡ് നം - 27

സർവ്വേ നമ്പർ - 148/3-2-1

നിർമ്മാണം - പാർപ്പിടം (46.9 m2)

മേൽ കെട്ടിട നിർമ്മാണം നടത്തുന്നത് റെയിൽവേയുടെ ഉടമസ്ഥതയുള്ള ഭൂമിയിൽ നിന്നും 30 മീറ്റർ ദൂരത്തിനുള്ളിലാണ്. എന്നാൽ റെയിൽവേയുടെ എൻ.ഒ.സി യുടെ അഭാവത്തിലാണ് മേൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകിയിട്ടുള്ളത്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 48/31.01.2020 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് പെർമിറ്റ് അനുവദിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-24 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

a) സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ള സ്വന്തം വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഒരു പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കായി ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് കെട്ടിട ഉടമയിൽ നിന്നും സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 4/574 | മുഹമ്മദ് ഷെരീഫ്, ഷാജിൻ വില്ല, കീഴാവൂർ |
| 2 | 6/114 | ബി.വിജയകുമാർ, രേവത്,കീഴാവൂർ |
| 3 | 12/737 | സുഹറുദ്ദീൻ, പാരഡൈസ്, ആലുംമൂട് |
| 4 | 15/398 | ഖദീജ ബീവി, ചെട്ടിയൻ വിളാകം, പള്ളിപ്പുറം |
| 5 | 16/6 | അബ്ദുൾ മനാഫ്, മനാഫ് മൻസിൽ,കണ്ടൽ |

b)മുൻ പ്രാബല്യത്തിൽ നികുതി ഒഴിവാക്കി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2013 ഒന്നാം അർദ്ധവർഷം മുതൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 16/418 | ലേഖാ ബൈജു , പണയിൽ വീട്, പള്ളിപ്പുറം |
| 2 | 16/427 | സുലോചന, ചിറ്റുപറമ്പിൽ വീട്, പള്ളിപ്പുറം |
| 3 | 16/249 | രമാദേവി, പണയിൽ വീട്, പള്ളിപ്പുറം |
| 4 | 17/456 | ഷീബ, ശ്രീ പാദം കോളനി പള്ളിപ്പുറം |
| 5 | 4/248 | പ്രസന്ന ,വടക്കേവിള വീട്,തെറ്റിച്ചിറ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 42/30.01.2020 ന് മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-25 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/ സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ ആദ്യ 4 വാർഡ് പരിശോധിച്ചതിൽ, അപേക്ഷ സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | പേര് , വിലാസം |
|---|---|---|
| 1 | 1/297 | അബ്ദുൾ കരീം, മണ്ണാൻ വിളാകത്ത് വീട്, പള്ളിപ്പുറം |
| 2 | 2/67 | ബാബുരാജൻ നായർ,ശ്രുതി നിലയം |
| 3 | 2/128 | വാസുദേവൻ നായർ, വാസുദേവവിലാസം, കാരമൂട് |
| 4 | 2/314 | ജോയിക്കുട്ടി, വൈഷ്ണേൽ, പള്ളിപ്പുറം |
| 5 | 2/327 | മോഹൻറോയ്,ഗ്ലോഫ്രണ്ട്സ് , പള്ളിപ്പുറം |
| 6 | 2/329 | കരുണാകരൻ പിള്ള, ആയിഷാന, പള്ളിപ്പുറം |
| 7 | 3/534 | രേണുക, സരസ്വതീയം, കൊയ്ത്തൂർക്കോണം |
| 8 | 4/122 | കെ.എസ് ഹരികൃഷ്ണൻ,സദ്ഗമയ, കൊയ്ത്തൂർക്കോണം |

| | | |
|---|---|---|
| 9 | 4/460 | സോമൻ നായർ, സ്മൃതി നിലയം, കീഴാവൂർ |
| 10 | 4/473 | രാധാകൃഷ്ണൻ നായർ, രാധാകൃഷ്ണ ഭവൻ, കീഴാവൂർ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 42/30.01.2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-26 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ 2018-19 വർഷത്തെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ടവറിന്റെ വിവരം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വിസ്തീർണ്ണം | തുക |
|---|---|---|---|---|
| 1 | ടവർ വിഷൻ | IX/637 | 9.25 $m^2$ | 5828 |
| 2 | ബി.എസ്.എൻ.എൽ | X/733 | 15 $m^2$ | 9450 |
| 3 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | XI/467 | 12 $m^2$ | 7560 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം( നം.11/22.01.2020)-ന് നൽകിയ മറുപടിയിൽ വസ്തു നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതും ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-27 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ചതായി മിനിട്ട്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

## 1-28 കെട്ടിടങ്ങളുടെ വാടക ഒടുക്കിയിട്ടില്ല

പരിശോധനയ്ക്ക് ലഭ്യമാക്കിയ വാടക രജിസ്റ്റർ പ്രകാരം 2018-'19 വർഷത്തിൽ ചുവടെ വിവരിക്കുന്ന കെട്ടിടങ്ങളുടെ വാടക ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | കടമുറി നമ്പർ | പേര് | കാലയളവ് | വാടക |
|---|---|---|---|---|
| 01 | മാർക്കറ്റ് സ്റ്റാൾ നം: 2 കണിയാപുരം | സജീറ ബീവി | 12/2018 മുതൽ 03/2019 വരെ | 480*4=1,920/- |
| 02 | മാർക്കറ്റ് സ്റ്റാൾ നം: 3 കണിയാപുരം | സജീറ ബീവി | 12/2018 മുതൽ 03/2019 വരെ | 480*4=1,920/- |
| 03 | ആലുമൂട് സ്റ്റാൾ നം. I V | വിനിൽ | 12/2018 മുതൽ 03/2019 വരെ | 1709*4=6,836/- |
| 04 | ആലു മൂട് സ്റ്റാൾ നം: V | അജി കുമാർ | 12/2018 മുതൽ 03/2019 വരെ | 1874*4=7,496/- |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.38/20.01.2020 ന് ലഭിച്ച മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ വ്യക്തികളിൽ നിന്നും വാടക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 ഇ-ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2018-19 ൽ ഇ-ടെണ്ടർ പ്രകാരം 14 പ്രവൃത്തികൾക്കായി ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകയായ 18480/- രൂപ തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

## വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുത്ത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിൽ 2018-19 കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒടുക്കിയിട്ടുള്ള തുകയുടെ ഒരു ശതമാനം തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (21/23.01.2020) ലഭ്യമാക്കിയ മറുപടിയിൽ ആയത് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

## 1-31 ആലുംമൂട് മാർക്കറ്റ് - ലേലം നടപടികളിൽ ഗുരുതര വീഴ്ച

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആലുംമൂട് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് പുനർലേലം 28.03.2018 ൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടപ്പാക്കി. ലേല ഡയറി പ്രകാരം ലേലത്തിൽ 21 വ്യക്തികളാണ് പങ്കെടുത്തത്. എന്നാൽ ലേലത്തിൽ പങ്കെടുക്കുന്നതിന് മുമ്പായി പ്രസ്തുത വ്യക്തികൾ ഇ.എം.ഡി ഒടുക്കിയതായി ലേലഡയറിയിലും പ്രസ്തുത ദിവസത്തെ രസീത് ബുക്കുകളിലും ഡേ ബുക്കിലും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഡെപ്പോസിറ്റ് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മാർക്കറ്റ് പുനർലേലത്തിൽ ഏറ്റവും ഉയർന്ന തുകയായ 1552000/- ലേലം കൊണ്ട ശ്രീ.നാസുമുദ്ദീൻ,കോണത്ത് വീട്, കണിയാപുരം എന്ന വ്യക്തിക്ക് താൽക്കാലികമായി അംഗീകരിച്ചു നൽകുകയും ചെയ്തു. എന്നാൽ ലേലതുക പ്രസ്തുത വ്യക്തി ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്താത്തതിനാൽ നിരതദ്രവ്യമായി ഒടുക്ക് വരുത്തിയ തുക കണ്ടു കെട്ടുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.( 31.03.2018 -ലെ III(1) നമ്പർ തീരുമാനം). എന്നാൽ ശ്രീ.നാസുമുദ്ദീൻ, 04.04.2018-ൽ മാത്രമാണ് നിരതദ്രവ്യം ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളത്( രസീത് നം.118100100097 /04.04.2018). കൂടാതെ ലേലം കൊണ്ട ശ്രീ.നാസുമുദ്ദീൻ എന്ന വ്യക്തിക്ക്, കമ്മിറ്റി തിരുമാനത്തിന് വിരുദ്ധമായി പ്രസ്തുത വ്യക്തിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിരതദ്രവ്യമായ 10000/- രൂപ (വൗച്ചർ നം.21800336/26.06.2018, ചെക്ക് നം.611820/26.06.2018) തിരികെ നൽകിയിട്ടുമുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.30/25.01.2020 ന് ലഭിച്ച മറുപടിയിൽ ശ്രീ.നാസുമുദ്ദീൻ നൽകിയ തുക കാഷ് ചെസ്റ്റിൽ വച്ചുവെന്നും ഒടുക്ക് വരുത്താൻ കഴിഞ്ഞിട്ടില്ലായെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ലേലത്തിൽ പങ്കെടുത്ത മറ്റ് വ്യക്തികൾ ഒടുക്കിയ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. നിരതദ്രവ്യം ഒടുക്കാത്ത വ്യക്തികളെ ലേലത്തിൽ പങ്കെടുപ്പിച്ചത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ ഗുരുതര വീഴ്ചയാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി നൽകിയ 10000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- 40050/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

1)2018 ഏപ്രിൽ,മെയ്,ജൂൺ മാസങ്ങളിലെ വൗച്ചർ പരിശോധിച്ചതിൽ താഴെപ്പറയുന്ന വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| വൗച്ചർനമ്പർ/തീയതി | വിഷയം | തുക |
|---|---|---|
| 2180002<br>03/04/18 | വൈസ് പ്രസിഡന്റ് ഹോണറേറിയം | 10600/- |
| 21800175<br>18/05/18 | ബാനർ പ്രിന്റിംഗ്, ചെണ്ടമേളം | 5500/- |
| 21800185<br>30.05.18 | ഏഷ്യാനെറ്റ് ഡിജിറ്റൽ | 750/- |
| 21800186<br>30.05.18 | MNREGS ചെലവ് | 4200/- |
| | ആകെ | 21050/- |

2)വൗച്ചർ നം.21800047 തീ.16.04.18 പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിന് വേസ്റ്റ് നീക്കം ചെയ്യുന്നതിന് 10000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റും മറ്റു അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ല.

3)വൗച്ചർ നം.21800295 തീ.30.06.18 പ്രകാരം കരിച്ചാറ ഹോമിയോ ഡിസ്പെൻസറി മരുന്ന് വിതരണത്തിന് 9000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.
4)വൗച്ചർ നം.21800079,80,81,82 എന്നീ വൗച്ചറുകൾ ലഭ്യമാക്കിയില്ല. കൂടാതെ ബിൽ രജിസ്റ്ററിലും തുക രേഖപ്പെടുത്തിയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.54/31.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 40050/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ ക്രമ നമ്പർ 4 പ്രകാരമുള്ള വൗച്ചറുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-33 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല

സർക്കാർ ഉത്തരവ് നം.07/2016/ഫിൻ 20.01.2016 പ്രകാരം 01.04.2013ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുമ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 01.04.2013ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചപ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 23/24.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെൻഷൻ കോൺട്രിബ്യൂഷൻ സമയബന്ധിതമായി ഒടുക്ക് വരുത്താൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-34 വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്ക് - മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല

പ്രോജ.നം. 88/19 - പാച്ചിറ വാർഡിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കലും പൊതു പൈപ്പ്ലൈൻ സ്ഥാപിക്കലും

അടങ്കൽ ധനകാര്യ കമ്മീഷൻ അവാർഡ് - 3,00,000/-

ചെലവ് - 3,00,000/-

ബിൽ നം. 19/23.10.2018 തുക - 3,00,000/-

പാച്ചിറ വാർഡിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കലും പൊതു ടാപ്പ് സ്ഥാപിക്കലും പ്രവർത്തനങ്ങൾക്കായി ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്ന് തുക വകയിരുത്തി രൂപീകരിച്ച പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകങ്ങൾ നിലനിൽക്കുന്നു

1. മാർഗ്ഗരേഖ ഖ11.2(ഡി) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ വിഷയത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമെ തുക മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിക്കുന്നു. മേൽ പ്രോജക്ടിന്റെ കരാർ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/24.01.20 ന് ലഭ്യമാക്കിയ മറുപടിയിൽ കരാർ വച്ചിട്ടില്ല എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചു എന്നാണ് അറിയിച്ചിരിക്കുന്നത്. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ വേളയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നതിന് ശ്രദ്ധിക്കുന്നതിനായി വിഷയം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ശ്രദ്ധയിൽപെടുത്തുന്നു.

2. സ.ഉ.(സാ.ധാ.)നം.1069/2018/ത.സ്വ.ഭ.വ. തീയതി.16.04.2018 പ്രകാരം 17.01.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം നം.4.76 അനുസരിച്ച് പി.ഡബ്ള്യൂ.ഡി മാന്വൽ വാട്ടർ അതോറിറ്റിക്കും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ളാൻ എന്നിവ തയ്യാറാക്കുന്നതിന് 2.5% Centage charge തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്നതല്ല. വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 07.09.2018-ലെ DB1-1121/18/WSDN/ATL നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മേൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ അടങ്കൽ തുകയായ 2,65.417/- രൂപയുടെ 12.5% സെന്റേജ് ചാർജായി 33,177.18 രൂപ വകയിരുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ്, പ്ളാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5% Centage charge ഈടാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/24.01.20 ന് ലഭ്യമാക്കിയ മറുപടിയിൽ 10% സെന്റേജ് ചാർജ് ഈടാക്കിയാണ് വിനിയോഗസാക്ഷ്യപത്രം നൽകിയിട്ടുള്ളത് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം 12.5% സെന്റേജ് ചാർജിനത്തിൽ തുക അടവാക്കിയിട്ടുള്ള സാഹചര്യത്തിൽ, വിനിയോഗ സാക്ഷ്യപത്രം പ്രകാരം അധികമായി അടവാക്കിയ തുക ഉൾപ്പെടെ വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്ന 8695/- രൂപ (ഡെപ്പോസിറ്റ് ചെയ്ത തുക-300000/- നിർമ്മാണ സാമഗ്രികൾ,പ്രവൃത്തി,ചെലവ്-2,35,577.00,10% സെന്റേജ് ചാർജ്-23,557.70, ടാർ കട്ടിംഗ് ചാർജ്-32170.00, ആകെ291305/- ബാക്കി 3,00,000-291305=8695/-) തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-35 ഡെപ്പോസിറ്റ് വർക്കിനായി വിവിധ ഏജൻസികളിൽ അടവ് വരുത്തിയ തുകയുടെ വിനിയോഗസാക്ഷ്യ പത്രം ലഭിക്കാനവശേഷിക്കുന്നു

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി ഡെപ്പോസിറ്റ് വർക്കിനായി വിവിധ ഏജൻസികളിൽ തുക അടവ് വരുത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.46/31.01.2010)

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | PMAY(SC)-ഭവന നിർമ്മാണം- ബ്ലോക്ക് | 9/27.07.18 | 7,00,000/- | പോത്തൻകോട് ബ്ലോക്ക് |

| | | | | |
|---|---|---|---|---|
| | വിഹിതം(പ്രോജ.നം.S001/19) | | | പഞ്ചായത്ത് |
| 2 | SSA വിഹിതം (പ്രോജ.നം.S004/19) | 5/12.06.18 | 23,81,879/- | SSA |
| 3 | PMAY(Gen.)-ഭവന നിർമ്മാണം-ബ്ളോക്ക് വിഹിതം(പ്രോജ.നം.S005/19) | 10/27.07.18 | 14,00,000/- | പോത്തൻകോട് ബ്ളോക്ക് പഞ്ചായത്ത് |
| 4 | ശ്രീപാദം വാർഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കലും പൊതു ടാപ്പ് സ്ഥാപിക്കലും (പ്രോജ.നം.S085/19) | 35/11.01.19 | 1,81,800/- | കേരള വാട്ടർ അതോറിറ്റി |
| 5 | ആനതാഴ്ചിറ ലക്ഷം വീട് - കുഴൽ കിണർ സ്ഥാപിക്കൽ (പ്രോജ.നം.S086/19) | 22/23.10.18 – 1,50,000/-<br>23.10.2018-58700/- | 2,08,700/- | ഭൂജല വകുപ്പ് |
| 6 | പാച്ചിറ വാർഡിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കലും പൊതു ടാപ്പ് സ്ഥാപിക്കലും (പ്രോജ.നം.S088/19) | 19/23.10.18 | 3,00,000/- | കേരള വാട്ടർ അതോറിറ്റി |
| 7 | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ(പ്രോജ.നം.S092/19) | 11/28.07.18 - 34001/-<br>12/23.10.18 –34,375/-<br>23/23.10.18 –47,200/-<br>24/23.10.18 –47,200/-<br>25/23.10.18 –49560/-<br>26/23.10.18 –12538/-<br>27/23.10.18 –3019/-<br>33/11.01.19 –46640/-<br>34/11.01.19 –570341/- | 8,44,874/- | കെ.എസ്.ഇ.ബി |
| 8 | കൊച്ചുമുസലിയാർ റോഡിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രോജ.നം.164/19) | 31/28.12.18 – 24,771/-<br>*തനത് ഫണ്ട് - 18,603/- | 43374/- | കെ.എസ്.ഇ.ബി |

ക്രമ നമ്പർ 2 ഒഴികെയുള്ള പ്രവൃത്തികളുടെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവയും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 ഹരിത കർമ്മ സേനയെ ഉപയോഗിച്ച്

# ഖരമാലിന്യ ശേഖരണം - പദ്ധതി നിർജീവാവസ്ഥയിൽ

ഗ്രാമ പഞ്ചായത്തിലെ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും അവ സൂക്ഷിക്കുന്നതിനുമായി 2018-19ൽ ചുവടെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിരുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 34/19 | ഹരിത കർമ്മ സേനയെ ഉപയോഗിച്ച് ഖരമാലിന്യശേഖരണം | 1042000 | 361968 |
| 125/19 | മാലിന്യ ശേഖരണത്തിനുള്ള മെറ്റീരിയൽ റിക്കവറി സെന്റർ നിർമ്മാണം | 674960 | 674525 |
| 177/19 | അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മിനി എം.സി.എഫ്. സ്ഥാപിക്കൽ | 1311000 | 450000 |

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മിനി എം.സി.എഫ്. സ്ഥാപിക്കൽ എന്ന പ്രോജക്ട് 2019 എപ്രിൽ മാസം 833388/- രൂപ ചെലവഴിച്ച് പൂർത്തീകരിച്ചതായി കാണുന്നു. എന്നാൽ നിലവിൽ ഹരിത കർമ്മ സേനയെ ഉപയോഗിച്ച് ഖരമാലിന്യ ശേഖരണം നടത്തുകയോ സംഭരണം നടത്തുകയോ ഷ്രെഡിംഗ് യൂണിറ്റുകളിലേക്ക് വിതരണം ചെയ്യുകയോ ചെയ്യുന്നില്ല. 29.01.2020ൽ നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിൽ സ്ഥാപിച്ച മിനി എം.സി.എഫുകൾ ഖരമാലിന്യം ശേഖരിച്ച് സൂക്ഷിക്കാതെ ഉപയോഗിക്കാത്ത അവസ്ഥയിലാണ് എന്ന് കണ്ടു. കൂടാതെ മിനി എം.സി.എഫുകൾക്ക് സമീപം മാലിന്യങ്ങൾ നിക്ഷേപിക്കുന്നതായും കത്തിക്കുന്നതായും കണ്ടു.

2018-19 ൽ അസി.എഞ്ചിനീയർ നിർവ്വഹണം പൂർത്തീകരിച്ച് ഗ്രാമ പഞ്ചായത്തിന് കൈമാറിയതും ഗ്രാമ പഞ്ചായത്ത് ഓഫീസിനു സമീപമുള്ളതുമായ മെറ്റീരിയൽ റിക്കവറി സെന്റർ നിലവിൽ പ്രവർത്തിക്കാതെ അടച്ചിട്ടിരിക്കുന്നതായും കണ്ടു. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിലും വാർഡുകളിലും പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനപ്രവർത്തകർ നിലവിൽ ജോലി ചെയ്തു വരുന്നില്ല. 2018 ജൂൺ മാസത്തിന് ശേഷം ജോലി ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 47/31.01.2020)മറുപടി ലഭ്യമാക്കിയിട്ടില്ല. വിവിധ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനും ഷ്രഡിംഗ് യൂണിറ്റിലേക്ക് അവ യഥാസമയം വിതരണം ചെയ്യുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-37 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.എസ്)72/2017/എൽ.എസ്.ജി.ഡി; തീ.29.03.2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10(1) അനുസരിച്ച് പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് റോഡ് പ്രവർത്തികൾക്കുള്ള പദ്ധതികൾ രൂപീകരിക്കേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇത്തരം പദ്ധതികൾ, കണക്ടിവിറ്റി ഭൂപടം ഇല്ലാതെയാണ് നടപ്പിലാക്കി വരുന്നത്. റോഡ് കണക്ടിവിറ്റി ഭൂപടത്തിന്റെ അഭാവത്തിൽ പദ്ധതി നടപ്പാക്കുന്നത്, പ്രവൃത്തി നടത്തിപ്പിൽ അവ്യക്തത ഉണ്ടാക്കുന്നതിനും, പ്രവൃത്തികളിൽ ഇരട്ടിപ്പ്

ഉണ്ടാകുന്നതിനും, പാഴ് ചെലവിനും കാരണമാകുന്നു. പഞ്ചായത്ത്, ചെറിയ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനു പകരം, പൂർണ്ണമായ റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കി ജനോപകാരപ്രദമായ സമഗ്രപദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയാൽ മാത്രമേ പഞ്ചായത്തിന്റെ കാലികമായ വികസനം ത്വരിതപ്പെടുകയുള്ളൂ. ഇക്കാര്യത്തിൽ വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-39 മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കുലറിന് വിരുദ്ധമായി 2018-19ൽ പൂർത്തീകരിച്ച 69 പ്രവൃത്തികളിൽ 29 പ്രവൃത്തികൾ എസ്റ്റിമേറ്റ് പുതുക്കി നിർവ്വഹണം നടത്തിയതായി കാണുന്നു. ഇതിൽ തന്നെ റോഡ് പുനരുദ്ധാരണ പ്രവൃത്തികളാണ് കൂടുതൽ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 79/19 | പ്ലാവിള റോഡ് മെറ്റലിംഗ് ,ടാറിംഗ്, സൈഡ് വാൾ | 507184/- | 501519/- |
| 2 | 155/19 | കണിയാപുരം മുക്കിൽവിളാകം റോഡ് മെയിന്റനൻസ് | 250000/- | 242578/- |
| 3 | 161/19 | കൊട്ടുമൂലത്തോപ്പ് കോളനിയിൽ പാർശ്വഭിത്തി നിർമ്മാണം | 200000/- | 186305/- |
| 4 | 62/19 | അണ്ടൂർക്കോണം ലക്ഷം വീട് റോഡ് റീടാറിംഗ് | 250000/- | 242369/- |
| 5 | 118/19 | തിരുവെള്ളൂർ തെറ്റിച്ചിറ റോഡ് റീടാറിംഗ് | 365000/- | 365000/- |
| 6 | 80/19 | മണക്കാട് തോടിൽ സൈഡ് വാൾ നിർമ്മാണം | 430884/- | 424980/- |
| 7 | 91/19 | ഊളൻകുഴി റോഡിൽ കലുങ്ക് നിർമ്മാണം | 100000/- | 99224/- |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| 8 | 162/19 | റെയിൽവേ സ്റ്റേഷൻ മലമേൽപ്പറമ്പ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 400000/- | 396716/- |
| 9 | 115/19 | MHS കളിർനീറ്റിക്കരി നടപ്പാത ഇന്റർലോക്ക് സിമന്റ് ബ്ലോക്ക് പാകൽ | 600000/- | 264922/- |
| 10 | 98/19 | മലവിളാകം റോഡ് മെറ്റലിംഗും ടാറിംഗും | 422462/- | 419156/- |
| 11 | 47/19 | ശ്മശാനം ഇന്റർലോക്കിംഗ് ഷെഡ് നിർമ്മാണം | 600000/- | 482408/- |
| 12 | 90/19 | കൊച്ചുമുസലിയാർ റോഡ് സൈഡ് വാൾ നിർമ്മാണം | 150000/- | 142275/- |
| 13 | 168/19 | തിരുവെള്ളൂർ അങ്കണവാടി കെട്ടിടത്തിന് ചുറ്റുമതിൽ, ഇന്റർലോക്ക് | 173611/- | 173279/- |
| 14 | 45/19 | പള്ളിപ്പുറം LPS പുനരുദ്ധാരണം | 300000/- | 299142/- |
| 15 | 42/19 | വെറ്റിനറി ആശുപത്രി തൊഴുത്ത് പുനരുദ്ധാരണം | 300000/- | 278990/ |
| 16 | 119/19 | വലിയറത്തല ക്ഷേത്രം റോഡ് പുനരുദ്ധാരണം | 483000/- | 482845/- |
| 17 | 130/19 | കരിച്ചാറ LPS പുനരുദ്ധാരണം | 300000/- | 299361/- |
| 18 | 157/19 | അണ്ടൂർക്കോണം കറ്റച്ചക്കോണം റോഡ് ഇന്റർലോക്കിംഗ് | 200000/- | 199668/- |
| 19 | 123/19 | അണ്ടൂർക്കോണം LPS പുനരുദ്ധാരണം | 700000/- | 636399/- |
| 20 | 129/19 | തെറ്റിച്ചിറ പട്ടിക ജാതി കോളനിയിൽ മണ്ണൊലിപ്പ് തടയുന്നതിന് പാർശ്വ ഭിത്തി നിർമ്മാണം | 600000/- | 567648/- |
| 21 | 138/19 | ആലുവിള കരിച്ചാറ അപ്പോളോ കോളനി ഓടനിർമ്മാണവും പാർശ്വഭിത്തി നിർമ്മാണവും | 809587/- | 762495/- |
| 22 | 127/19 | KNK വെട്ടുറോഡ് അഭിവൃദ്ധിപ്പെടുത്തൽ | 876019/- | 833342/- |
| 23 | 126/19 | മാർക്കറ്റ് റോഡ് കുന്നിനകം അമലാംബേക്കറി റോഡ് റീടാറിംഗ് | 275027/- | 265318/- |
| 24 | 128/19 | കല്ലിങ്കം കുറ്റ്യാണി റോഡ് രണ്ടാം റീച്ച് അഭിവൃദ്ധിപ്പെടുത്തൽ | 771087/- | 771030/- |
| 25 | 142/19 | വെട്ടുറോഡ് മുസ്ലിം ഹൈസ്കൂൾ റോഡ് ഇന്റർലോക്കിംഗ് | 575000/- | 336636/- |
| 26 | 135/19 | കല്ലറ അങ്കണവാടി റോഡ് റീടാറിംഗ് | 572796/- | 572768/- |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| 27 | 139/19 | കട്ടച്ചിറക്കോണം അങ്കണവാടി പുനരുദ്ധാരണം | 150000/- | 149973/- |
| 28 | 167/19 | ആലുമ്മൂട് എൽ പി എസ് മെയിന്റനൻസ് | 50000/- | 47173/- |
| 29 | 136/19 | കുഴിവിള കോളനി മണ്ണൊലിപ്പ് തടയുന്നതിന് പാർശ്വഭിത്തി നിർമ്മാണം. | 360000/- | 298654/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/24.01.2020) ലഭ്യമാക്കിയ മറുപടിയിൽ നിർമ്മാണവേളയിൽ പ്രദേശവാസികൾ ആവശ്യപ്പെടുന്നതിനനുസരിച്ചും സൈറ്റിന്റെ നിലവിലെ അവസ്ഥയ്ക്കും അനുസൃതമായാണ് പ്രസ്തുത പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നിട്ടുള്ളത് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയത്. ഇത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 2018-19ൽ നടപ്പിലാക്കിയ പ്രവൃത്തികൾ വ്യാപകമായി റിവൈസ് ചെയ്ത് നടപ്പിലാക്കിയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. എങ്കിലും ഭാവിയിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൂടുതൽ സൂക്ഷ്മത പുലർത്തേണ്ടതാണ്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

# 1-40 സ്ഥാപിക്കാത്ത നെയിംബോർഡിനായി തുക നൽകി.

കീഴാവൂർ അണയിൽപാലം ബ്രാഞ്ച് റോഡ് ഇന്റർ ലോക്കിംഗ് പ്രവൃത്തിയിൽ നെയിംബോർഡിനായി കരാറുകാരന് 5692/- രൂപ നൽകി. എന്നാൽ സ്ഥലപരിശോധനയിൽ നെയിം ബോർഡ് സ്ഥാപിച്ചിട്ടില്ലായെന്നും ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-41 ജലശ്രീ കിണർ റീചാർജ്ജിംഗ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | S0020/19 |
| പ്രോജക്ടിന്റെ പേര് | ജലശ്രീ കിണർ റീചാർജ്ജിംഗ്-ജനറൽ |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട്-540000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം -216000, ജില്ലാ പഞ്ചായത്ത് വിഹിതം-324000, ഗുണഭോക്തൃവിഹിതം (നേരിട്ട്)-120000, ആകെ-1200000/- |
| ചെലവ് | 396000/- (180000(വി.ഫ.)+108000(ബ്ലോ.പ.വി.)+108000(ജി.പ.വി.) |
| ബിൽ നം. | 05/15.12.18(57600),15/15.02.19(82800),17/21.02.19(39600) |
| ചെക്ക് നം | 1536039/03.12.18(23040/-)1536088/15.02.19(33120/-)<br>1536093/16.02.19(15840)6031937/28.03.19(14400)<br>6031942/28.03.19(21600)1536040/03.12.18(34560)<br>1536087/15.02.19(49680)1536090/16.02.19(23760) |

ജനറൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കിണർ റീചാർജ്ജിംഗ് നടത്തുന്നതിനായി പരമാവധി 7200/- രൂപ സബ്സിഡി അനുവദിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ട് നടപ്പാക്കിയതുമായി

ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗരേഖപ്രകാരം ജനറൽ വിഭാഗത്തിന് ചെലവ് തുകയുടെ പരമാവധി 90 ശതമാനമാണ് സബ്സിഡി അനുവദിക്കാവുന്നത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പ്രസ്തുത പരിധി അധികരിച്ച് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് ,വിലാസം | വാല്യവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക | അനുവദിക്കാവുന്ന സബ്സിഡി തുക | അനുവദിച്ച സബ്സിഡിതുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | സൽമാ ബീവി, ചാലിൽ വീട്, കണിയാപുരം | 7300 | 6570 | 7200 | 630 |
| 2 | ലൈലാ ബീവി, ദിൽകുഷ് മൻസിൽ, വാടയിൽ മുക്ക് | 7400 | 6660 | 7200 | 540 |
| 3 | ജസീന ബീഗം, എസ്.ജെ മൻസിൽ, കണിയാപുരം | 7400 | 6660 | 7200 | 540 |
| 4 | ഷാജി, ഉപ്പുപണയിൽ വീട്, കണിയാപുരം | 7200 | 6480 | 7200 | 720 |
| ആകെ | | | | | 2430/- |

2)കിണർ റീചാർജ്ജിംഗ് നടപ്പാക്കിയത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സാങ്കേതിക വിഭാഗം തയ്യാറാക്കിയ വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ നടപ്പാക്കിയ ഇനങ്ങൾ വ്യക്തമാക്കിയിട്ടില്ല. കൂടാതെ ശ്രീ.അബ്ദുൾ റൗഫ്, സജിൻ മൻസിൽ വാടയിൽ മുക്ക് എന്ന ഗുണഭോക്താവിന്റെ വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ തുക രേഖപ്പെടുത്താതെയാണ് എഞ്ചിനീയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളത്.

3) കിണർ റീചാർജ്ജിംഗ് പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.33/28.01.2020 ന് ലഭിച്ച മറുപടിയിൽ അശ്രദ്ധ മൂലമാണ് വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ മേൽ അപാകത സംഭവിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ പദ്ധതി മോണിറ്ററിംഗ് നടത്തിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും അപാകങ്ങൾ ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സാങ്കേതിക വിഭാഗം തയ്യാറാക്കിയ

വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ, നടപ്പാക്കിയ ഇനങ്ങളും തുകയും വ്യക്തമാക്കിയിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതും ഭാവിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. സബ്സിഡി നിരക്കിന് അധികമായി നൽകിയ 2430/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# 1-42 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കിണർ റീചാർജ്ജിംഗ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ട് നം - S0114/19

പ്രോജക്ടിന്റെ പേര് - ജലശ്രീ കിണർ റീചാർജ്ജിംഗ്(എസ്.സി.പി)

നിർവ്വഹണം - കൃഷി ഓഫീസർ

അടങ്കൽ - 400000/-(200000 വി.ഫ,80000 ബ്ലോക്ക്.പ),

120000 ജി.പ)

ചെലവ് - 96000/-(24000+28800+43200)

എസ്.സി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കിണർ റീചാർജ്ജിംഗ് നടപ്പാക്കുന്നതിനായി പരമാവധി 8000/- രൂപ സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ട് നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)കിണർ റീചാർജ്ജിംഗ് നടപ്പാക്കിയത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സാങ്കേതിക വിഭാഗം തയ്യാറാക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ, നടപ്പാക്കിയ ഇനങ്ങൾ വ്യക്തമാക്കിയിട്ടില്ല. കൂടാതെ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ തുക രേഖപ്പെടുത്താതെയാണ് എഞ്ചിനീയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളത്.

| ക്രമ നമ്പർ | പേര് , വിലാസം |
|---|---|
| 1 | ഹേമലത, പാരഡൈസ്, മണക്കാട്ടിൽ,കരിച്ചാറ |
| 2 | പി.രാമചന്ദ്രൻ ,ലക്ഷ്മി നിവാസ്, വെട്ടുറോഡ് |
| 3 | വി.രവീന്ദ്രൻ, മണക്കാട്ടിൽ വീട്, കരിച്ചാറ |
| 4 | എം.സുനിത, വി.എസ് ഭവൻ, കരിച്ചാറ |
| 5 | വള്ളി അമ്മ, ശിവശക്തി, വലിയ വീട് |

2)പദ്ധതി ഗുണഭോക്താവായ ശ്രീ. രവീന്ദ്രൻ, മണക്കാട്ടിൽ വീട്, കരിച്ചാറ എന്ന ഗുണഭോക്താവിന്റെ സബ്സിഡി ആനുകൂല്യം കരിച്ചാറ കാർഷിക ടൂറിസം സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുള്ളത്. (സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ,കണിയാപുരം അക്കൗണ്ട് നം.3400841641).

3) കിണർ റീചാർജ്ജിംഗ് പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.33/28.01.2020 ന് ലഭിച്ച മറുപടിയിൽ അശ്രദ്ധ മൂലമാണ് വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ മേൽ അപാകത സംഭവിച്ചതെന്നാണ്

അറിയിച്ചിട്ടുള്ളത്. പദ്ധതി ഗുണഭോക്താവായ ശ്രീ. രവീന്ദ്രൻ, എന്ന വ്യക്തി കരിച്ചാറ കാർഷിക ടൂറിസം സംഘത്തിലെ അംഗമാണെന്നും ഗ്രാമപഞ്ചായത്തിൽ നിന്നും മറ്റ് പദ്ധതി ആനുകൂല്യം പ്രസ്തുത സംഘത്തിന് നൽകിയതിനാൽ ആധാർ ഉൾപ്പെടുത്തുമ്പോൾ ബാങ്ക് അക്കൗണ്ട് നമ്പർ, മാപ്പിംഗ് ചെയ്ത് കാണുന്ന എന്നുമാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ പദ്ധതി മോണിറ്ററിംഗ് നടത്തിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും അപാകങ്ങൾ ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സാങ്കേതിക വിഭാഗം തയ്യാറാക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ, നടപ്പാക്കിയ ഇനങ്ങളും തുകയും വ്യക്തമാക്കിയിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതും ഭാവിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. സബ്സിഡി ആനുകൂല്യം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുള്ളതെന്ന ഉറപ്പാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പാക്കേണ്ടതും റിപ്പോർട്ട് തയ്യാറേക്കേണ്ടതുമാണ്.

# 1-43 ഹരിതഭവനം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ട് നം - S0010/19

പ്രോജക്ടിന്റെ പേര് - ഹരിതഭവനം 2018-19

നിർവ്വഹണം - കൃഷി ഓഫീസർ

അടങ്കൽ - 909600/-(280000 വി.ഫ,280000 ജി.പ,349600.ഉ.വി)

ചെലവ് - 534700/-(217100+280000+37600)

വീട്ടുവളപ്പ് കൃഷിയോഗ്യമാക്കുന്നതിന് കാർഷിക ഉല്പന്നങ്ങൾ വാങ്ങി നൽകൽ, കിണർ റീചാർജ്ജിംഗ് , റിംഗ് കമ്പോസ്റ്റ് നിർമ്മാണം, 10 കോഴിയും കോഴിക്കൂടും നൽകൽ എന്നിവയാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവയുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1)അംഗീകൃത പ്രോജക്ടിൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 30 സെന്റ് സ്ഥലം സ്വന്തമായി ഉണ്ടാകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 30 സെന്റിൽ താഴെ സ്ഥലവിസ്തീർണമുള്ള വ്യക്തികൾക്കും പദ്ധതി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് ,വിലാസം | അപേക്ഷ പ്രകാരമുള്ള സ്ഥല വിസ്തീർണ്ണം, (സെന്റ്) |
|---|---|---|
| 1 | അജിത കുമാരി, ശ്രീ സൂര്യ, കീഴാവൂർ | 22 |
| 2 | ഷീലാ കുമാരി,ഷൈനി ഭവൻ, കീഴാവൂർ | 18 |
| 3 | നസീർ, നാദിയ മൻസിൽ,കണിയാപുരം | 9 |

2) പ്രോജക്ട് പ്രകാരം 10 കോഴിയും കോഴിക്കൂടും വാങ്ങി നൽകുന്നതിന് സബ്സിഡി അനുവദിക്കുന്നുണ്ട്. എന്നാൽ പ്രോജക്ടിൽ എപ്രകാരമാണ് വാങ്ങൽ നടത്തുന്നത് എന്നത് സംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ല. കൂടാതെ ആനുകൂല്യം നൽകിയപ്പോൾ കോഴിയും കൂടും ഗുണഭോക്താക്കൾ നേരിട്ട് വാങ്ങിയതിന്റെ ബിൽ, വൗച്ചർ, കൈപ്പറ്റ് രസീത് എന്നിവ ഉൾപ്പെടെയുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ നിർവഹണ ഉദ്യോഗസ്ഥനും ആയത് വാങ്ങിയതിന്റെ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

3)ഹരിതഭവനം പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല .

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.33/28.01.2020 ന് ലഭിച്ച മറുപടിയിൽ ജില്ലാ പഞ്ചായത്ത് നിർദ്ദേശപ്രകാരമാണ് കുറഞ്ഞ അളവിൽ ഭൂമിയുള്ളവർക്കും പദ്ധതി ആനുകൂല്യം നൽകിയതെന്നും ബന്ധപ്പെട്ട വൗച്ചറുകൾ കൃത്യമായി സൂക്ഷിക്കുന്നതാണെന്നും മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി മോണിറ്ററിംഗ് നടത്തിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും അപാകങ്ങൾ ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകളും ചെലവ് രേഖകളും ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കേണ്ടതും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പാക്കി റിപ്പോർട്ട് തയ്യാറേക്കേണ്ടതുമാണ്.

# 1-44 കേദാരം നെൽകൃഷി വികസനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ട് നം - SO007/19

പ്രോജക്ടിന്റെ പേര് - കേദാരം സമഗ്ര നെൽകൃഷി വികസനം

നിർവ്വഹണം - കൃഷി ഓഫീസർ

അടങ്കൽ - 2293540/-(752490 വി.ഫ,314500 ബ്ലോ,പ,314500.ജി.പ.,912050 ഗു.വി)

ചെലവ് - 1122950/-(493950 വി.ഫ.+314500 ബ്ലോ.പ.+314500 ജി.പ.)

പള്ളിപ്പുറം പാടശേഖരത്തിൽ സമഗ്ര നെൽക്യഷി വികസം നടപ്പാക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. 36 കർഷകരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. പ്രോജക്ട് നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു..

1)പദ്ധതിയുടെ ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷയിൽ കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം, സ്ഥലത്തിന്റെ സർവ്വെ നമ്പർ എന്നിവയുൾപ്പെടയുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയോ, ആയത് സാധൂകരിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം സൂക്ഷിക്കുകയോ ചെയ്യുന്നില്ല. കൂടാതെ നെൽകൃഷി നടപ്പാക്കിയത് സംബന്ധിച്ച് കൃഷി അസിസ്റ്റന്റ്, കൃഷി ഓഫീസർ എന്നിവർ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2)നെൽകൃഷി പദ്ധതി നടപ്പാക്കിയത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.33/28.01.2020 ന് ലഭിച്ച മറുപടിയിൽ അപേക്ഷകൾ കൃത്യമായും ശുപാർശ ചെയ്ത് സൂക്ഷിക്കുന്നതാണെന്നും മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി മോണിറ്ററിംഗ് നടത്തിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും അപാകങ്ങൾ ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകൾ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കേണ്ടതും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പാക്കി റിപ്പോർട്ട് തയ്യാറേക്കേണ്ടതുമാണ്.

# 1-45 ആടുവളർത്തൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

a) പ്രോജക്റ്റ് നം - SO012/19

പ്രോജക്ടിന്റെ പേര് - പെണ്ണാട് വിതരണം-വനിത

നിർവഹണം - വെറ്ററിനറി സർജൻ

അടങ്കൽ - 120000/- (600000വി.ഫ, 600000 ഗ്ര.വി)

ചെലവ് - 810000/-(405000+405000)

b) പ്രോജക്റ്റ് നം - SO013/19

പ്രോജക്ടിന്റെ പേര് - പെണ്ണാട് വിതരണം-വനിത(എസ്.സി.പി)

നിർവഹണം - വെറ്ററിനറി സർജൻ

അടങ്കൽ - 530000/- (397500വി.ഫ, 132500 ഗ്ര.വി)

ചെലവ് - 480000/-(360000+120000)

ഗ്രാമപഞ്ചായത്തിലെ വനിതകളായ ക്ഷീരകർഷകർക്ക് ഒരു ആടിനെ വീതം വാങ്ങി നൽകുന്നതിനാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തത്. മേൽ പ്രോജക്റ്റ് (a) പ്രകാരം 81 വ്യക്തികൾക്കും , പ്രോജക്റ്റ് (b) പ്രകാരം 48 വ്യക്തികൾക്കുമാണ് പദ്ധതി പ്രകാരം ആടുകളെ വാങ്ങി നൽകിയിട്ടുള്ളത്. എന്നാൽ യഥാക്രമം 54,45 ഗുണഭോക്താക്കൾ മാത്രമാണ് ആടുകൾക്ക് ഇൻഷ്വറൻസ് നടത്തിയിട്ടുള്ളത്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.36/29.01.2020 ന് ലഭിച്ച മറുപടിയിൽ ഗുണഭോക്താക്കൾക്ക് പലതവണ നിർദ്ദേശം നൽകിയെങ്കിലും ഇൻഷ്വറൻസ് എടുക്കുന്നതിന് തയ്യാറായിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് പദ്ധതി നടപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും മേൽ വിഷയം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

# 1-46 അംഗനവാടികളിൽ പോഷകാഹാരം വിതരണം - സ്റ്റോക്ക് രജിസ്ട്രറുകൾ പരിപാലിക്കുന്നില്ല

പ്രോജക്റ്റ് നമ്പർ: 6/2019

നിർവ്വഹണോദ്യോഗസ്ഥൻ: ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ : വികസന ഫണ്ട് 23,00,000/- രൂപ

കേന്ദ്രാവിഷ്കൃത ഫണ്ട് : 2,00,000/- രൂപ

ചെലവഴിച്ചത്: 25,00,000/- രൂപ

പോഷകാഹാര വിതരണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനെ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (35/28.01.2020) നൽകിയിരുന്നു,

സ്റ്റോക്ക് രജിസ്റ്റർ നഷ്ടപ്പെട്ടു പോയതെന്നാണ് അതിന് മറുപടിയായി നൽകിയത്. ഒരു നോട്ട് പുസ്തകത്തിൽ അവ്യക്തവും അപൂർണ്ണവുമായ രീതിയിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നു. അംഗനവാടികളിൽ വിതരണം ചെയ്യുന്ന ആഹാരസാധനങ്ങൾ വർക്കർമാർ കൃത്യമായി രേഖപ്പെടുത്തുന്നില്ല. അംഗനവാടികളിൽ നിന്നും മറ്റ് അംഗനവാടികളിലേക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ വർക്കർമാർക്ക് മാത്രം മനസ്സിലാകുന്ന രീതിയിൽ രേഖപ്പെടുത്തുന്നു. അതിനാൽ സ്റ്റോക്ക് രജിസ്റ്ററുകളിൽ നീക്കിയിരുപ്പും ബാക്കിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ പെൻസിൽ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. സ്റ്റോക്ക് രജിസ്റ്ററുകളിലെ വിവരങ്ങൾ നിർവ്വഹണോദ്യാഗസ്ഥൻ പരിശോധിക്കുകയോ അവ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനും അംഗനവാടി വർക്കർമാരും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-47 പുതിയ തുറന്ന കിണർ നിർമ്മാണം - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രോജ.നം. 60/19 – പുതിയ തുറന്ന കിണർ നിർമ്മാണം

അടങ്കൽ - വികസന ഫണ്ട് (എസ്.സി.പി.) - 3,00,000/- ചെലവ്-1,20,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-2

ഗ്രാമ പഞ്ചായത്തിലെ 10 പട്ടികജാതി കുടുംബങ്ങൾക്ക് പൂർണ്ണ സബ്സിഡി അനുവദിച്ച് പുതിയ ഗാർഹിക കിണർ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി രൂപീകരിച്ച പ്രോജക്റ്റിന്റെ നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ.നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരം പൊതു കുടിവെള്ള സംവിധാനത്തിൽ നിന്ന് ഹൗസ് കണക്ഷൻ ലഭിക്കാൻ സാധ്യതയില്ലാത്ത കുടുംബങ്ങൾക്ക് മാത്രമാണ് പുതിയ കിണർ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് അനുവാദം നൽകിയിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷത്തെ പ്രോജക്റ്റ് നിർവ്വഹണത്തിൽ മേൽ വിഷയത്തിൽ പരിശോധന നടത്തി രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.31/27.01.2019 ന് മേൽ നിർദ്ദേശത്തെക്കുറിച്ച് അറിയാത്തതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തുടർ വർഷത്തെ പ്രോജക്റ്റ് നിർവ്വഹണ വേളയിൽ ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

2. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ കിണർ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്ന സാഹചര്യത്തിൽ ഗുണഭോക്താക്കൾ പുതിയ കിണർ നിർമ്മിക്കുന്നതോടൊപ്പം മഴവെള്ളം റീചാർജ്ജ് സംവിധാനവും ഏർപ്പെടുത്തേണ്ടതുണ്ട്. ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ ഗുണഭോക്താക്കൾ മഴവെള്ളം റീചാർജ്ജ് സംവിധാനവും ഏർപ്പെടുത്തിയതായി പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

3. സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം എസ്.സി.പി. ഫണ്ടിൽ നിന്ന് 3,00,000/- രൂപ അടങ്കൽ വകയിരുത്തിയിരുന്ന പ്രോജക്റ്റിൽ തൻ വർഷം 1,20,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 60,000/- രൂപയുടെ ചെലവ് രേഖകൾ ആണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. പൂർണ്ണമായ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതുണ്ട്.

5. ഗുണഭോക്താക്കളുടെ അപേക്ഷകളിന്മേലുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വീടിന്റെ ഉടമസ്ഥാവകാശ | മറ്റ് അപാകതകൾ |
|---|---|---|---|

| | | | |
|---|---|---|---|
| | | സർട്ടിഫിക്കറ്റ് | |
| 1 | ശ്രീമതി. ചന്ദ്രിക | ഇല്ല. കല്ലുവിള 01.17 ആർ നിലം ഉള്ളതായ കൈവശാവകാശ സർട്ടിഫിക്കറ്റ് ആണ് ലഭ്യമാക്കിയിട്ടുള്ളത് | 1.ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം മേൽ വിലാസം, പണയിൽ വീട്, കീഴാവൂർ,<br>2. 05.01.2016-ലെ വരുമാന സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. |
| 2. | ശ്രീമതി. അമ്പിളി | ഇല്ല. പാണ്ടിവിള വീട്, പാച്ചിറ 1.2 ആർ wet land -സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് ആണ് ലഭ്യമാക്കിയിട്ടുള്ളത് | റേഷൻ കാർഡ് പ്രകാരം വിലാസം പാണ്ടിവിള വീട്, പാച്ചിറ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പണയിൽ വീട്, കീഴാവൂർ. ക്രമ നം.1-ലെ ഗുണഭോക്താവിനും ഒരേ മേൽ വിലാസം. |
| 3. | ശ്രീ. പ്രദീപ് കുമാർ | - | അവ്യക്തമായ വാല്യുവേഷൻ സർട്ടിഫിക്കറ്റാണ് ഓവർസിയർ ലഭ്യമാക്കിയിട്ടുള്ളത്. |

മേൽ അപാകങ്ങളിന്മേൽ ആവശ്യമായ പരിശോധന നടത്തി വിവരം ലഭ്യമാക്കേണ്ടതാണ്. മോണിറ്ററിംഗ് ചുമതലയുള്ള കുടിവെള്ളം, ശുചിത്വം (മാലിന്യ പരിപാലനം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടക്കുറവ് വിഷയത്തിൽ ഉണ്ടായിട്ടുണ്ട്.

# 1-48 ഭവന പുനരുദ്ധാരണ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല -ചെലവ് തുക തടസ്സം ചെയ്യുന്നു

എ)പ്രോജ.നം. 120/19 – ഭവന പുനരുദ്ധാരണം- (എസ്.സി.പി.)- സ്പിൽ ഓവർ

| | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് | 324,750 | 3,24,750 |
| തനത് ഫണ്ട് | 70,250 | 70,250 |
| ആകെ | 3,95,000 | 3,95,000 |

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-2

ഗ്രാമ പഞ്ചായത്തിൽ പട്ടികജാതി വിഭാഗം കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണത്തിന് ധന സഹായം അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം രൂപീകരിച്ച പ്രോജക്ട് നിർവ്വഹണം

പൂർത്തിയാകാത്തതിനെ തുടർന്ന് 2018-19 സാമ്പത്തിക വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ).നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരം വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ആയത് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ചശേഷമാണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ ഫയൽ രേഖകളിൽ ഗുണഭോക്താക്കൾ തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് ലഭ്യമല്ല. പ്രസ്തുത സാഹചര്യത്തിൽ വീട് വാസയോഗ്യമാക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയറെയോ ഓവർസിയറെയോ കൊണ്ട് പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ ഭവന പുനരുദ്ധാരണത്തിന് എന്തടിസ്ഥാനമാക്കിയാണ് തുക അനുവദിച്ചതെന്ന് വ്യക്തമാകുന്നില്ല. ഈ വിഷയത്തിൽ മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായതായി വിലയിരുത്തുന്നു.

2. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 29.03.2017-ലെ ബി6-2139/17 നമ്പർ സാക്ഷ്യപത്രം പ്രകാരം APXVIII/331നമ്പർ കെട്ടിടത്തിൽ താമസിക്കുന്ന ശ്രീമതി രാഗിണി, കണ്ണങ്കോട്ട് വീട് എന്ന ഗുണഭോക്താവിന് IAY പ്രകാരം 2011/12 സാമ്പത്തിക വർഷം കഴക്കൂട്ടം ബ്ളോക്ക് ഓഫീസിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിരുന്നതാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീട് നിർമ്മിച്ച് 8 വർഷമെങ്കിലും കഴിഞ്ഞവർക്കു മാത്രമെ ധനസഹായത്തിന് അർഹതയുള്ളൂ. ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.

3. സബ്സിഡി മാർഗ്ഗരേഖ പ്രകാരം അവസാന ഗഡു നൽകുന്നതിന് മുൻപ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച് മൂല്യ നിർണയം നടത്തുന്നതിന് അനുസരിച്ചാണ് സബ്സിഡി നിർണയിക്കേണ്ടത്. ഫയൽ രേഖകൾക്കൊപ്പം ലഭ്യമാക്കിയിട്ടുള്ള എൽ.എസ്.ജി.ഡി. ഓവർസിയറുടെ വാല്യേഷൻ റിപ്പോർട്ടിൽ പ്രവൃത്തിയുടെ മൂല്യ നിർണയത്തിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ മൂല്യ നിർണ്ണയം കൂടാതെ സബ്സിഡി തുക ശുപാർശ ചെയ്തത് സാധൂകരിക്കുന്ന രേഖകൾ ആവശ്യപ്പെട്ടെങ്കിലും(ഓഡിറ്റ് എൻക്വയറി നം.32/27.01.2010) രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. സെക്രട്ടറിയുടെ 04.12.2017-ലെ ബി2/6774/17 നമ്പർ സാക്ഷ്യപത്രം പ്രകാരം കെട്ടിട നമ്പർ APX/868-നമ്പർ കെട്ടിടം 66 ച.മീ. വിസ്തീർണ്ണമുള്ള കോൺക്രീറ്റ് മേൽക്കൂരയുള്ള 10 വർഷത്തിൽ താഴെ പഴക്കമുള്ള വാസഗൃഹമാണ്. വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കുന്നതിന് മാത്രമാണ് തുക അനുവദിക്കാവുന്നത് എന്നതിനാലും 60ച.മീ. മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് പുനരുദ്ധാരണത്തിന് തുക അനുവദിക്കാവുന്നതല്ല എന്നതിനാലും എസ്റ്റിമേറ്റിന്റെയും വിശദമായ പഞ്ചായത്ത് തല മൂല്യനിർണയ റിപ്പോർട്ടിന്റെയും അഭാവത്തിൽ തുക അനുവദിച്ചത് സാധൂകരിക്കുന്ന രേഖകൾ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം.32/27.01.2010) രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5. സബ്സിഡി വിതരണ വിവരങ്ങൾ രേഖപ്പെടുത്തി അക്വിറ്റൻസ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ചെലവ് സാധൂകരിക്കുന്ന ബില്ലുകളുടെ പകർപ്പുകൾ പരിശോധനാവിധേയമാക്കാവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബില്ലുകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം.32/27.01.2010) ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 3,95,000/- രൂപയുടെ ചെല് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്.

ബി) പ്രോജക്ട് നമ്പർ 28/19 – ഭവന പുനരുദ്ധാരണം- (എസ്.സി.പി.)

അടങ്കൽ - വികസന ഫണ്ട് (എസ്.സി.പി.) - 39,00,000/- ചെലവ് - 36,00,000/-

വീട് പുനരുദ്ധാരണം ആവശ്യമുള്ള 26 ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് ഓരോ ഗുണഭോക്താവിനും 1,50,000/- രൂപ എസ്.സി.പി. ഫണ്ടിൽ നിന്ന് വകയിരുത്തി രൂപീകരിച്ച പ്രോജക്റ്റിന്റെ നിർവ്വഹണത്തിലെ അപാകങ്ങൾക്ക് രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.34/28.01.2020 -ന് ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ നിലനിൽക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ).നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരം

വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ആയത് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ചശേഷമാണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ തൻവർഷം ധനസഹായം ലഭിച്ചിട്ടുള്ള 26 ഗുണഭോക്താക്കളും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച എസ്റ്റിമേറ്റ് ആധികാരികമല്ല.

2. ഗുണഭോക്താക്കളുമായി കരാറിലേർപ്പെട്ട് കഴിഞ്ഞാൽ 50% തുക മുൻകൂറായി നൽകുന്നതിന് സബ്സിഡി മാർഗ്ഗരേഖയിൽ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഫയൽ രേഖകൾ പരിശോധിച്ചതിൽ തുക വിതരണത്തിൽ മാർഗ്ഗ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

ഉദാ. ശ്രീമതി. രാജശ്രീ - 25000,60000,20000 (തുടർന്നുള്ള വിതരണ വിവരം ലഭ്യമല്ല.) എന്നിങ്ങനെയാണ് ഗഡുക്കൾ വിതരണം ചെയ്തിട്ടുള്ളത്. LSGD ഓവർസിയറുടെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത രണ്ട് വാല്വേഷൻ റിപ്പോർട്ടുകൾ പ്രകാരം 70,000/- രൂപയുടെയും തുടർന്ന് 1,25,000/- രൂപവരെയും പ്രവൃത്തി പൂർത്തീകരിച്ചതായാണ് റിപ്പോർട്ട് നൽകിയിട്ടുള്ളത്. ഗഡുക്കളുടെ വിതരണം സ്റ്റേജ് പരിശോധന എന്നിവയിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

3. പദ്ധതിയുടെ ഫയൽ രേഖകൾ പരിശോധിച്ചതു പ്രകാരമുള്ള മറ്റു അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അപാകതകൾ |
|---|---|---|
| 1 | ശ്രീമതിബേബിപി. | ആനുകൂല്യം നൽകിയിട്ടില്ലെന്ന എസ്.സി.ബ്ളോക്ക് ഡവലപ്മെന്റ് ഓഫീസറുടെ സാക്ഷ്യപത്രം, ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റ് എന്നിവ ഇല്ല., |
| 2 | ശ്രീ. സത്യൻ കെ. | ആനുകൂല്യം നൽകിയിട്ടില്ലെന്ന എസ്.സി.ബ്ളോക്ക് ഡവലപ്മെന്റ് ഓഫീസറുടെ സാക്ഷ്യപത്രം, ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റ്, വീടിന്റെ കാലപഴക്കം സംബന്ധിച്ച റിപ്പോർട്ട് എന്നിവ ഇല്ല |
| 3 | ശ്രീ മണികണ്ഠൻ | ആനുകൂല്യം നൽകിയിട്ടില്ലെന്ന എസ്.സി.ബ്ളോക്ക് ഡവലപ്മെന്റ് ഓഫീസറുടെ സാക്ഷ്യപത്രം, ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റ് എന്നിവ ഇല്ല |
| 4 | ശ്രീമതി ഉഷ | ആനുകൂല്യം നൽകിയിട്ടില്ലെന്ന എസ്.സി.ബ്ളോക്ക് ഡവലപ്മെന്റ് ഓഫീസറുടെ സാക്ഷ്യപത്രം, ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റ്, വീടിന്റെ കാലപഴക്കം സംബന്ധിച്ച റിപ്പോർട്ട് എന്നിവ ഇല്ല |
| 5 | ശ്രീമതി മനോമണി | ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റ്, വീടിന്റെ കാലപഴക്കം സംബന്ധിച്ച റിപ്പോർട്ട് ഇല്ല. LSGD ഓവർസിയറുടെ വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം 1,25,000/- രൂപയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്, എന്നാൽ 1,50,000/- രൂപ |

| | | |
|---|---|---|
| | | വിതരണം ചെയ്തിട്ടുണ്ട്., ഓവരസിയർ സമർപ്പിച്ച ശ്രീമതി. സുമതി ലക്ഷം വീട് എന്ന ഗുണഭോക്താവിന്റെ വീടിന്റെ വാല്യവേഷൻ റിപ്പോർട്ട് തിരുത്തൽ വരുത്തി ശ്രീമതി. മനോമണിയുടേതായി സമർപ്പിച്ച് കാണുന്നു. |
| 6 | ശ്രീ.മോഹനൻ | ആനുകൂല്യം നൽകിയിട്ടില്ലെന്ന എസ്.സി.ബ്ളോക്ക് ഡവലപ്മെന്റ് ഓഫീസറുടെ സാക്ഷ്യപത്രം, ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റ്, വീടിന്റെ കാലപഴക്കം സംബന്ധിച്ച റിപ്പോർട്ട് , വീടിന്റെ ownership certificateഎന്നിവ ഇല്ല |
| 7 | ശ്രീമതി.രമ | ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റ്, വീടിന്റെ കാലപഴക്കം സംബന്ധിച്ച റിപ്പോർട്ട് ഇല്ല |
| 8 | ശ്രീമതി. ജഗദമ്മ | ആനുകൂല്യം നൽകിയിട്ടില്ലെന്ന എസ്.സി.ബ്ളോക്ക് ഡവലപ്മെന്റ് ഓഫീസറുടെ സാക്ഷ്യപത്രം, ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റ്, വീടിന്റെ കാലപഴക്കം സംബന്ധിച്ച റിപ്പോർട്ട്,ownership certificate ( ശ്രീമതി.അനിതയുടെ പേരിലെ പുരയിടത്തിന്റെ വിവരം ആണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത് ) എന്നിവ ഇല്ല |
| 9 | ശ്രീമതി ലക്ഷ്മി | ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റ്, വീടിന്റെ കാലപഴക്കം സംബന്ധിച്ച റിപ്പോർട്ട്, ഓവർസിയറുടെ വാല്യുവേഷൻ റിപ്പോർട്ട് എന്നിവ ഇല്ല |
| 10 | ശ്രീമതി രാധ | ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റ്, community certificate എന്നിവ ലഭ്യമല്ല. |

4. ശ്രീ. മാധവൻ കെ, ശ്രീമതി. സത്യഭാമ, ശ്രീ. മോഹനൻ, ശ്രീമതി, ബേബി, ശ്രീമതി. ജഗദമ്മ എന്നീ ഗുണഭോക്താക്കളുടെ അപേക്ഷ ഫയലിൽ ലഭ്യമല്ല .

5. എൽ.എസ്.ജി.ഡി. ഓവർസിയറുടെവാല്യുവേഷൻ റിപ്പോർട്ടിൽ തീയതി, പ്രവൃത്തിയുടെ വിവരം എന്നിവ രേഖപ്പെടുത്തുന്നില്ല.

6. സബ്സിഡി വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അക്വിറ്റൻസ് രജിസ്റ്ററിൽ ബിൽ നമ്പർ, തുക എന്നീ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലും ബിൽ പ്രകാരം വിതരണം ചെയ്ത തുകയും പൊരുത്തപ്പെടുന്നില്ല. ഉദാ. ശ്രീമതി.ബേബിക്ക് രജിസ്റ്റർ പ്രകാരം 25,000/- രൂപ ആദ്യ ഗഡുവും 1,25,000/- രൂപ രണ്ടാം ഗഡുവും ആയി ആകെ 1,50,000/- രൂപ വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബിൽ രേഖകൾ പ്രകാരം 19.01.19-ലെ ബിൽ പ്രകാരം 50,000/- രൂപ വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

7. സുലേഖ എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ പ്രോജക്റ്റ് ചെലവ് 36,00,000/- രൂപയാണ്. 18,25,000/- രൂപയുടെ ചെലവ് സൂചിപ്പിക്കുന്ന ബില്ലുകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

ചെലവ് രേഖകളുടെ അഭാവത്തിൽ 17,75000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-49 കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട്

അസി. സെക്രട്ടറി 2018-19 ൽ കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി ചുവടെ പറയുന്ന

പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

A) പ്രോജക്ട് നം. - 65/19

പ്രോജക്ടിന്റെ പേര് - കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് (എസ്.സി,പി)

അടങ്കൽ തുക – 300000/-

ചെലവു തുക – 300000/- (6*50000)

ബിൽ നം,തീയതി, തുക - 4/18-19 , 29.09.18 , 250000/- (5*50000)

4/18-19 , 16.10.18 , 50000/-

B) പ്രോജക്ട് നം. - 83/19

പ്രോജക്ടിന്റെ പേര് - കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട്

അടങ്കൽ തുക – 700000/-

ചെലവു തുക –700000/- (7*100000)

ബിൽ നം,തീയതി, തുക - 1/18-19 , 20.08.18 , 100000/-

2/18-19 , 14.09.18 , 300000/-(3*100000)

3/18-19 , 29.09.18 , 300000/-(3*100000)
പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി റിവോൾവിംഗ് ഫണ്ടിന്റെ പ്രതിമാസ തിരിച്ചടവ് തുകയും തവണകളും മറ്റ് വ്യവസ്ഥകളും ഉൾപ്പെടുത്തി കുടുംബശ്രീ യൂണിറ്റുകളും നിർവ്വഹണോദ്യോഗസ്ഥനും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. അസി. സെക്രട്ടറിയുടെ പേരിലുള്ള റിവോൾവിംഗ് ഫണ്ട് റീക്യൂപ്മെന്റ് അക്കൗണ്ടിൽ (A/c no. 3708062021- central bank of India , കണിയാപുരം ) 28.10.2019ൽ 274629/- രൂപ ബാലൻസ് ഉണ്ട്. കൂടാതെ റീക്യൂപ്പ്മെന്റ് ഫണ്ടിൽ വരവ് വന്ന തുകയും 2019-2020ൽ വകയിരുത്തുന്ന തുകയും ചേർന്നതായിരിക്കണം അടുത്ത വർഷത്തെ റിവോൾവിംഗ് ഫണ്ട്. പ്രസ്തുത പദ്ധതി പ്രകാരം റീക്യൂപ്പ്മെന്റ് ഫണ്ടിൽ വരവ് വന്ന തുക കൂടി ഉൾപ്പെടുത്തി 2019-2020ൽ കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 38/30.01.2020) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ടുകൾക്ക് (A,B) ചെലവഴിച്ച 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-50 സാക്ഷരതാ തുടർപ്രവർത്തനം - പദ്ധതി ലക്ഷ്യം കണ്ടില്ല

പദ്ധതി നമ്പർ: 176/2019

നിർവ്വഹണോദ്യാഗസ്ഥൻ: ഹെഡ്മാസ്റ്റർ, ഗവൺമെന്റ് യു.പി. സ്കൂൾ

അടങ്കൽ തുക: 50,250/- രൂപ

ചെലവഴിച്ചത് : 50,250/- രൂപ

പത്താംതരം തുല്യതാ പരീക്ഷയ്ക്ക് 10 കുട്ടികൾക്ക് 1750/- രൂപ വീതവും, ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷയ്ക്ക് 18 കുട്ടികൾക്ക് 2200/- രൂപ വീതവും പഠനചെലവുകൾക്ക് നൽകുകയുണ്ടായി. എന്നാൽ ഒരു കുട്ടിയെങ്കിലും പ്രസ്തുത തുല്യതാ നിർണ്ണയ പരീക്ഷ എഴുതിയോ എന്ന് ഉറപ്പാക്കുന്നതിന് നിർവ്വഹണോദ്യാഗസ്ഥന് കഴിഞ്ഞിട്ടില്ല. ഇത്തരം പദ്ധതികൾ കൊണ്ട് ലക്ഷ്യമിടുന്ന കാര്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നില്ലെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. പരീക്ഷ എഴുതിയെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രജിസ്ട്രേഷൻ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

# 1-51 മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.)- പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ നിലനിൽക്കുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് അപാകങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.37/29.01.2020)

1 ) പ്രോജ.നം.122/19 – സാന്ത്വനം പാലിയേറ്റീവ് കെയർ- സ്പിൽ ഓവർ പ്രോജക്ട്

ഫണ്ട് - വികസന ഫണ്ട്

അടങ്കൽ -വി.ഫ. - 1,96,125/- ചെലവ് - 85,375/-

ബിൽ നം.1/18-19-18.05.18- 57,800/-

ബിൽ നം.2/18-19- 18.05.2018 -13,000/-

ബിൽ നം.12/18-19- 30.01.2019 - 14,575/-

<u>എ) മാർഗ്ഗരേഖ നിർദ്ദേശം പാലിക്കുന്നില്ല.</u>

പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ നം.3217/2015/ത.സ്വ.ഭ.വ തീ. 29.10.2015 പ്രകാരം സ്പിൽ ഓവർ പ്രോജക്ടുകൾ അനുവദനീയമല്ല. സ്പിൽ ഓവർ പ്രോജക്ട് രൂപീകരിക്കാനിടയായതിന് കാരണം ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നതിന് പദ്ധതി മാർഗ്ഗരേഖപ്രകാരം സ്പിൽ ഓവർ പ്രോജക്ടുകൾ അനുവദനീയമാണെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. പാലിയേറ്റീവ് കെയർ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച മേൽ മാർഗ്ഗ രേഖയിൽ സ്പിൽ ഓവർ പാടില്ല എന്ന് നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ നോട്ട ചുമതലയുള്ള പി.എം.സി. വിഷയത്തിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

ബി) സാന്ത്വനം പാലിയേറ്റീവ് കെയർ- സ്പിൽ ഓവർ പ്രോജക്ടിൽ നിന്ന് തൻ വർഷ ചെലവുകൾ നിർവ്വഹിച്ചു.

പാലിയേറ്റീവ് കെയറിന്റെ മുൻവർഷ ചെലവുകൾ ക്രമീകരിക്കുന്നതിനായി രൂപീകരിച്ച സ്പിൽ ഓവർ പ്രോജക്ടിൽ നിന്ന് തൻവർഷ ചെലവുകൾക്കായി തുക വിനിയോഗിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

ബിൽ നം.12/18-19 തീയതി.28.01.2019- തുക 14575/- Proceedings no.280/28.01.2019 പ്രകാരം ശ്രീ. ശ്യാം കുമാറിന് (ഹോട്ടൽ തെക്കേവിള , പോത്തൻകോട്) ബിൽ നം.261/10.01.2019 പ്രകാരം ആഹാര സാധനങ്ങളുടെവിലയായി നൽകിയ 13,585/- രൂപ BM Printers Andoorkonam ബിൽ നം.ഇല്ല തീയതി.09.01.2019 പ്രകാരം നോട്ടീസ്, ഫ്ലക്സ് എന്നിവയുടെ പ്രിന്റിംഗ് ചാർജ്ജിനത്തിൽ നൽകിയ 990/- രൂപ എന്നീ ചെലവുകൾ 2018-19 വർഷത്തെ പാലിയേറ്റീവ് കുടുംബ സംഗമം ഇനത്തിലുള്ള ചെലവുകളായാണ് ഫയൽ രേഖകൾ പ്രകാരം കാണുന്നത്. ഓഡിറ്റ് എൻക്വയറിക്ക് തൻവർഷ ചെലവുകൾ നിർവ്വഹിക്കാൻ പാടില്ലെന്ന് സർക്കാർ നിർദ്ദേശം നിലവിലില്ല എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. പാലിയേറ്റീവ് കെയർ തൻ വർഷ ചെലവുകൾക്കായി വികസന ഫണ്ടിൽ നിന്ന് 15 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് രൂപീകരിച്ചിട്ടുള്ളതാണ്. സ്പിൽ ഓവർ പ്രോജക്ടിൽ നിന്ന് തൻവർഷ ചെലവ് നിർവ്വഹിച്ചത് അംഗീകരീക്കാവുന്നതല്ല. സർക്കാർ ഫണ്ട് ചെലവഴിക്കുന്ന വേളയിൽ സർക്കാർ ചെലവനുവാദം നൽകിയിട്ടുള്ള ചെലവുകൾ മാത്രമാണ് നിർവ്വഹിക്കാവുന്നത്. മാർഗ്ഗ നിർദ്ദേശത്തിൽ നിന്ന് വിഭിന്നമായ ചെലവുകൾക്ക് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതാണ്.

2) പ്രോജക്ട് - സാന്ത്വനം പാലിയേറ്റീവ് പരിചരണം - 26/19

വികസന ഫണ്ട് - 15,00,000/-

ചെലവ് - 14,20,157/-

എ) പാലിയേറ്റീവ് ഗൃഹസന്ദർശനം - മാർരേഖ നിർദ്ദേശം പാലിക്കുന്നില്ല.

പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ നം.3217/2015/ത.സ്വ.ഭ.വ തീ. 29.10.2015 പ്രകാരം ആശാ വർക്കർമാർ, സന്നദ്ധപ്രവർത്തകർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ റിപ്പോർട്ട്, നിർദ്ദേശം എന്നിവ കൂടി പരിഗണിച്ച് ഒരു മാസം 16 ഹോം വിസിറ്റ് എന്ന ക്രമത്തിൽ ഓരോ ദിവസവും പ്രത്യേക പരിചരണം ആവശ്യമുള്ള കുറഞ്ഞത് 8 രോഗികളെയെങ്കിലും പാലിയേറ്റീവ് കെയർ ടീം സന്ദർശനം നടത്തേണ്ടതുണ്ട്. ഹോംകെയർ രജിസ്റ്റർ പരിശോധിച്ചതിൽ ഒരു ദിവസം 4,5,6 എന്നിങ്ങനെ രോഗികളെ സന്ദർശിച്ച് ഹോംകെയർ അവസാനിപ്പിക്കുന്നതായി കാണുന്നു. ഏതാനും ഉദാ. 24.07.18, 09.08.18, 16.08.18, 11.09.18,02.10.18 എന്നീ തീയതികളിൽ 6 patients വീതം 25.09.18, 08.10.18,26.10.18,16.11.18 എന്നീ തീയതികളിൽ 5 patients വീതം 23.10.18 ന് 4 patients.

ഓരോ ദിവസവും സന്ദർശിക്കുന്ന രോഗികളുടെ വിവരം, നൽകുന്ന പരിചരണം എന്നീ വിഷയങ്ങൾ രേഖപ്പെടുത്തി ഹോംകെയർ രജിസ്റ്റർ തൊട്ടടുത്ത ദിവസം തന്നെ മെഡിക്കൽ ഓഫീസറുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ആയതും പാലിച്ചുകാണുന്നില്ല.

ബി) സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 22/2018/ത.സ്വഭ,വ തീ.14.02.2018 ഖ.7.8.2 പ്രകാരം സാന്ത്വന പരിചരണ പദ്ധതിയിൽ ഹോംകെയറിന് പോകുന്ന ഒരു ടീമിന്റെ ഭക്ഷണ ചെലവ് 250/- രൂപ വരെയാകാവുന്നതാണ്. 2018-19 സാമ്പത്തിക വർഷം ഈ ഇനത്തിൽ മാസം 4000/- രൂപ വീതം ക്ളെയിം ചെയ്ത് സമർപ്പിച്ചിട്ടുള്ള രണ്ട് സ്ഥാപനങ്ങളിൽ (ഇലക്കട, പള്ളിപ്പുറം, ഹോട്ടൽ സഫർലാന്റ്, പള്ളിപ്പുറം) നിന്നുള്ള ബില്ലിൽ ചെലവ് സാധൂകരിക്കുന്ന ബിൽ നമ്പർ, cash receipt seal മുതലായ രേഖകൾ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറിക്ക് ചെറിയ കടകളിൽ നിന്ന് വാങ്ങുന്നതിന് ബില്ല് ലഭിക്കാത്തതിനാലാണ് ഇപ്രകാരം ബിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നതിൽ നിന്ന് ഓഡിറ്റിനായി സമർപ്പിച്ച ബില്ലുകളുടെ ആധികാരികത വ്യക്തമാകുന്നില്ല. വിഷയത്തിൽ ചെലവ് അംഗീകാരം നൽകേണ്ട പി.എം.സി.യുടെ മേൽ നോട്ടക്കുറവ് ശ്രദ്ധയിൽപെടുത്തുന്നു.

സി)പാലിയേറ്റീവ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ആംബുലൻസ്-

1. പാലിയേറ്റീവ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ആംബുലൻസിന്റെ 01.04.2018 മുതൽ 31.06.2018 വരെയുള്ള ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. Fuel Efficiency test നടത്തിയതിന്റെ വിശദാംശം, ഇന്ധനം നിറയ്ക്കുമ്പോൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ട വിശദാംശങ്ങൾ, monthly abstract എന്നിവ രേഖപ്പെടുത്തുന്നില്ല.

3. പ്രോജ.നം.27/19 – NCD മരുന്നു വാങ്ങൽ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (NR) – 3,00,000/- ചെലവ് - 3,00,000/-

ബിൽ നം.4/28.07.18

1. ജില്ലാ മെഡിക്കൽ ഓഫീസറുടെ NAC – പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുണ്ട്.

2. ഫയൽ രേഖകൾ പ്രകാരം ചുവടെ ചേർക്കുന്ന മരുന്നുകൾ ബ്ളോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്ന് വാങ്ങിയിട്ടുള്ളതായാണ് കാണുന്നത്. ഈ വിഷയത്തിൽ ലഭ്യമാക്കിയ മറുപടി ബ്ളോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നല്ല വാങ്ങിയതെന്നത് സാധൂകരിക്കുന്നില്ല.

a. 02.07.2019-ലെ 3839 നമ്പർ ഇൻവോയ്സ് പ്രകാരം കാരുണ്യ ലഭ്യമാക്കിയ Atrovastatin 10mg Tab- 50000 എണ്ണം-20000/- രൂപ, Enalapril maleate 5mg tab- 3000 എണ്ണം-1110/- രൂപ

b. 25.07.19-ലെ 4429 നമ്പർ ഇൻവോയ്സ് പ്രകാരം കാരുണ്യ ലഭ്യമാക്കിയ Metformin 500mg tab 62658 എണ്ണം - 22556/- രൂപ.

ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) ചെലവ് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 1-52 ഉപയോഗിക്കാത്ത പാലിയേറ്റിവ് കെയർ ആംബുലൻസ്

ഗ്രാമ പഞ്ചായത്തിന് പുതിയ ആംബുലൻസ് എം.പിയുടെ ആസ്തി വികസനഫണ്ട് പ്രകാരം ലഭ്യമായപ്പോൾ നിലവിലുണ്ടായിരുന്ന പാലിയേറ്റീവ് കെയർ ആംബുലൻസ് (കെ.എൽ.22ജി.4346) ഗ്രാമ പഞ്ചായത്ത് പരിസരത്ത് ഉപയോഗിക്കാതെ സൂക്ഷിക്കുന്നതായി കാണുന്നു. വാഹനത്തിന്റെ ലഭ്യമാക്കിയ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നും പ്രസ്തുത വാഹനം 14.03.2017 വരെയുള്ള യാത്രകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 44/ 30.01.2020) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത വാഹനത്തെ സംബന്ധിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-53 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ - 2,00,000/- രൂപയുടെ മരുന്ന് ലഭിക്കാനവശേഷിക്കുന്നു

പ്രോജ.നം.16/19 – ഹോമിയോ ഡിസ്പെൻസറി കരിച്ചാറയിലേക്ക് മരുന്നു വാങ്ങൽ

അടങ്കൽ - 2,00,000/-

ബിൽ നം. - 1/2018-19/ 20.08.18

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽ ബിൽ പ്രകാരം മരുന്നു ലഭ്യമാക്കുന്നതിനായി Kerala state Homoeopathic Co- operative society-ക്ക് 200000/- രൂപ കൈമാറിയെങ്കിലും മരുന്ന് ലഭിച്ചിട്ടില്ല. കൂടാതെ, ജില്ലാ മെഡിക്കൽ ഓഫീസറുടെ NAC- പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 43/29.01.2020-ന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങളിന്മേൽ തുടർ നടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-54 വനിതകൾക്കും കുട്ടികൾക്കും യോഗ പരിശീലനം - നിർവ്വഹണത്തിൽ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല

പ്രോജ.നം.41/19 – വനിതകൾക്കും കുട്ടികൾക്കും യോഗ പരിശീലനം

അടങ്കൽ - വി.ഫ. - 1,00,000/-

ചെലവ് തുക- 1,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(ഹോമിയോ)

വനിതകൾക്കും കുട്ടികൾക്കുമായി 50 പേർക്ക് യോഗ പരിശീലനം നൽകുന്നതിനായി വികസന ഫണ്ടിൽ നിന്ന് 1,00,000/- രൂപ വകയിരുത്തി രൂപീകരിച്ച പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ.(സാധാ)നം.3190/2017/ത.സ്വ.ഭ.വ തീയതി.03.10.2017 പ്രകാരം യോഗ പരിശീലനത്തിന് നിശ്ചിത യോഗ്യതയുള്ള പരിശീലകരെ പഞ്ചായത്ത് തലത്തിൽ തീരുമാനിച്ച് പ്രതിദിനം 400/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12,000/- രൂപ അനുവദിക്കുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. 2018-19 സബ്സിഡി മാർഗ്ഗരേഖ പ്രകാരം ആയുഷ് വകുപ്പിന്റെ സഹകരണത്തോടെ യോഗപരിശീലനം നടപ്പിൽ വരുത്താനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 30 വനിതകൾക്ക് യോഗ പരിശീലനം നൽകുന്നതിനായി മേൽ പ്രോജക്ട് പ്രകാരം ശാന്തി യോഗ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കവടിയാർ

എന്ന സ്ഥാപനത്തിന് ചുമതല നൽകി 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

1. ഫെബ്രുവരി 16 മുതൽ മാർച്ച് 15 വരെ 21 ദിവസങ്ങളിലായി നടന്ന യോഗ പരിശീലനത്തിന് മേൽ ഉത്തരവ് പ്രകാരം അനുവദിക്കാവുന്ന തുക 8400/- ആകയാൽ മേൽ ചെലവ് സാധൂകരിക്കുന്ന ഉത്തരവിന്റെ/ രേഖകളുടെ പകർപ്പ് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം43/29.01.2020 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

2. പ്രോജക്ട് രൂപീകരണ വേളയിൽ നിശ്ചയിച്ചിരുന്നതിൽ നിന്ന് വ്യത്യസ്തമായി പരിശീലനത്തിന് നിശ്ചിത യോഗ്യതയുള്ള പരിശീലകരെ പഞ്ചായത്ത് തലത്തിൽ തീരുമാനിച്ച് പരിശീലനം നടത്തുന്നതിന് പകരം ഗ്രാമ പഞ്ചായത്തിന്റെ 12.2.2019-ലെ യോഗതീരുമാനപ്രകാരം ശാന്തി യോഗ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കവടിയാറുമായി പ്രതി ദിനം 400/- രൂപ വേതനം നിശ്ചയിച്ച് കരാറിലേർപ്പെട്ട ശേഷം 1,00,000/- രൂപ കൈമാറി ശാന്തി യോഗ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേനയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്.
മേൽ അപാകങ്ങളിന്മേൽ മറുപടി ലഭ്യമാക്കി ചെലവ് സാധൂകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 ആലുംമൂട് മാർക്കറ്റ് പിരിവ് - 3050/- രൂപ ഒടുക്ക് വരുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആലുംമൂട് മാർക്കറ്റിന്റെ ലേലം നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിലും ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം (31.03.2018 ലെ 3(3)നമ്പർ) 01.04.2018 മുതൽ 30.06.2018 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്ത് നേരിട്ട് മാർക്കറ്റ് പിരിവ് നടത്തിയിട്ടുണ്ട്. മാർക്കറ്റ് പിരിവുമായി ബന്ധപ്പെട്ട പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.
1)രസീത് നമ്പർ 463,497 എന്നിവയിൽ പിരിച്ചെടുത്ത തുക രേഖപ്പെടുത്തിയിട്ടില്ല.
2) രസീത് നമ്പർ 503,553 എന്നീ രസീതുകൾ രസീത് ബുക്കിൽ സൂക്ഷിച്ചിട്ടില്ല.
3)01.04.2018 മുതൽ 30.06.2018 വരെ ക്രമനമ്പർ 1 മുതൽ 2969 രസീത് വരെ പിരിച്ചെടുത്ത 235135 /- രൂപയിൽ 234085/- രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളത്.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/24.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർക്കറ്റ് പിരിവ് നടത്തുന്നതിലും രസീത് കൈകാര്യം ചെയ്യുന്നതിലും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഗുരുതര വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. ഒടുക്ക് വരുത്തുന്നതിൽ കുറവ് വന്ന തുകയായ 1050/- രൂപ പിഴപ്പലിശ സഹിതം ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

# നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 നെയിം ബോർഡ് സ്ഥാപിച്ചില്ല. ചെലവു തുക 5692/- രൂപ നിരാകരിക്കുന്നു

പ്രോജക്റ്റ് നമ്പർ- 82/19

പ്രോജക്റ്റിന്റെ പേര്- കീഴാവൂർ അണയിൽപാലം ബ്രാഞ്ച് റോഡ് ഇന്റർ ലോക്കിംഗ്

അടങ്കൽ- 400000/-(ധനകാര്യ കമ്മീഷൻ അവാർഡ് തുക)

ചെലവ്- 399447/-

കരാറുകാരൻ- ശ്രീ.മോഹനകുമാരൻ നായർ. എ.

അളവ് പുസ്തക നമ്പർ- 138/17-18

ബിൽ നം - 59/18-19 തീയതി.19.03.19

നിർവ്വഹണോദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

മേൽ പ്രവ്യത്തി എഞ്ചിനീയറിംഗ് വിഭാഗം, ഓഡിറ്റ് ടീം എന്നിവർ 29.01.2020ൽ നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ എം ബുക്ക് പ്രവൃത്തി ഇനം 3 പ്രകാരമുള്ള (od.74127/2018 –19 Name Board Rs.5692.18) രേഖപ്പെടുത്തലുകൾ സ്ഥലപരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 40/30.01.2020) 5692/- രൂപ കരാറുകാരനായ ശ്രീ.മോഹനകുമാരൻ നായർക്ക് തിരികെ നൽകുവാനുള്ള റീടെൻഷൻ തുകയിൽ നിന്നും ഈടാക്കി ഒടുക്ക വരുത്തുന്നതാണെന്ന് അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. തുക നിർവ്വഹണോദ്യോഗസ്ഥയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി വികസന ഫണ്ടിൽ ഒടുക്ക വരുത്തേണ്ടതാണ്.

## 3-2 ആലുംമൂട് മാർക്കറ്റ് - തിരികെ നൽകിയ നിരതദ്രവ്യം -10000/- രൂപ നിരാകരിക്കുന്നു

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആലുംമൂട് മാർക്കറ്റിന്റെ പുനർലേലം 28.03.2018 ൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടപ്പാക്കി. മാർക്കറ്റ് പുനർലേലത്തിൽ ഏറ്റവും ഉയർന്ന തുകയായ 1552000/- ലേലം കൊണ്ട ശ്രീ.നാസുമുദ്ദീൻ,കോണത്ത് വീട്, കണിയാപുരം എന്ന വ്യക്തിക്ക് താൽക്കാലികമായി അംഗീകരിച്ച നൽകുകയും ചെയ്തു. എന്നാൽ ലേലതുക പ്രസ്തുത വ്യക്തി ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്താത്തതിനാൽ നിരതദ്രവ്യമായി ഒടുക്ക് വരുത്തിയ തുക കണ്ടു കെട്ടുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.( 31.03.2018 -ലെ III(1) നമ്പർ തീരുമാനം). എന്നാൽ ശ്രീ.നാസുമുദ്ദീൻ, 04.04.2018-ൽ മാത്രമാണ് നിരതദ്രവ്യം ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളത്( രസീത് നം.118100100097 /04.04.2018). കൂടാതെ ലേലം കൊണ്ട ശ്രീ.നാസുമുദ്ദീൻ എന്ന വ്യക്തിക്ക്, കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി പ്രസ്തുത വ്യക്തിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിരതദ്രവ്യമായ 10000/- രൂപ (വൗച്ചർ നം.21800336/26.06.2018, ചെക്ക് നം.611820/26.06.2018) തിരികെ നൽകിയിട്ടുമുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.30/25.01.2020 ന് ലഭിച്ച മറുപടിയിൽ പ്രസ്തുത വിഷയം സംബന്ധിച്ച് വ്യക്തമാക്കുന്നില്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി നൽകിയ 10000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-3 ജലശ്രീ കിണർ റീചാർജ്ജിംഗ് - 2430/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | S0020/19 |
| പ്രോജക്റ്റിന്റെ പേര് | ജലശ്രീ കിണർ റീചാർജ്ജിംഗ്-ജനറൽ |
| നിർവ്വഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 1200000/-<br>വികസന ഫണ്ട് –540000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം -216000<br>ജില്ലാ പഞ്ചായത്ത് വിഹിതം -324000<br>ഗുണഭോക്തൃ വിഹിതം(നേരിട്ട്)-120000<br>ആകെ -1200000 |
| ചെലവ് | 396000/-(180000+108000+108000) |
| ബിൽ നം. | 05/15.12.18(57600),15/15.02.19(82800),17/21.02.19(39600) |
| ചെക്ക് നം | 1536039/03.12.18(23040/-)1536088/15.02.19(33120/-)<br>1536093/16.02.19(15840)6031937/28.03.19(14400)<br>6031942/28.03.19(21600)1536040/03.12.18(34560)<br>1536087/15.02.19(49680)1536090/16.02.19(23760) |

ജനറൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കിണർ റീചാർജ്ജിംഗ് നടത്തുന്നതിനായി പരമാവധി 7200/- രൂപ സബ്സിഡി അനുവദിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്റ്റ് നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

സബ്സിഡി മാർഗരേഖപ്രകാരം ജനറൽ വിഭാഗത്തിന് ചെലവ് തുകയുടെ പരമാവധി 90 ശതമാനമാണ് സബ്സിഡി അനുവദിക്കാവുന്നത്.എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പ്രസ്തുത പരിധി അധികരിച്ച് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പേര്, വിലാസം | വാല്യവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക | അനുവദിക്കാവുന്ന സബ്സിഡി തുക | അനുവദിച്ച സബ്സിഡിതുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | സൽമാ ബീവി, ചാലിൽ വീട്, കണിയാപുരം | 7300 | 6570 | 7200 | 630 |
| 2 | ലൈലാ ബീവി, ദിൽകുഷ് മൻസിൽ, വാടയിൽ മുക്ക് | 7400 | 6660 | 7200 | 540 |
| 3 | ജസീന ബീഗം, എസ്.ജെ മൻസിൽ, കണിയാപുരം | 7400 | 6660 | 7200 | 540 |
| 4 | ഷാജി, ഉപ്പുപണയിൽ | 7200 | 6480 | 7200 | 720 |

| | | | | | |
|---|---|---|---|---|---|
| | വീട്, കണിയാപുരം | | | | |
| ആകെ | | | | | 2430/- |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.33/28.01.2020 ന് ലഭിച്ച മറുപടിയിൽ അശ്രദ്ധ മൂലമാണ് വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ മേൽ അപാകത സംഭവിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ പദ്ധതി മോണിറ്ററിംഗ് നടത്തിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും അപാകങ്ങൾ ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സാങ്കേതിക വിഭാഗം തയ്യാറാക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ, നടപ്പാക്കിയ ഇനങ്ങളും തുകയും വ്യക്തമാക്കിയിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതും ഭാവിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. സബ്സിഡി നിരക്കിന് അധികമായി നൽകിയ 2430/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.06.2019 മുതൽ 26.06.2019 വരെ | കെ.എസ്.എ.റ്റി.വി.എം./ ജി.പി./11/2019 തീയതി 19.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2018-19 | 340000 | കേദാരം സമഗ്ര നെൽകൃഷി | 314500 | 25500 |
| | | 280000 | ഹരിത ഭവനം | 280000 | 0 |
| | | 30000 | ജൈവസമൃദ്ധി | 30000 | 0 |
| | | 108000 | ജലശ്രീ കിണർ റീചാർജിംഗ്(ജനറൽ) | 108000 | 0 |
| | | 0 | ജലശ്രീ കിണർ റീചാർജിംഗ് (എസ്.സി.പി.) | 43200* | 0 |
| | | 927410 | ലൈഫ് ഭവന പദ്ധതി | 920000 | 7410 |
| | | 1507220 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി.) | 1340000 | 167220 |
| | | 60000 | ക്ഷീരസമൃദ്ധി | 60000 | 0 |
| | ആകെ | 3644505 | | 3487575 | 200130 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 467500 | കേദാരം സമഗ്ര നെൽകൃഷി | 314500 | 153000 |
| | | ~~15000~~ | ജൈവസമൃദ്ധി | ~~15000~~ | ~~0~~ |
| | | 108000 | ജലശ്രീ കിണർ റീചാർജിംഗ്(ജനറൽ) | 108000 | 0 |
| | | 80000 | ജലശ്രീ കിണർ റീചാർജിംഗ് (എസ്.സി.പി.) | 28800 | 51200 |
| | | 1121030 | ലൈഫ് ഭവന പദ്ധതി ജനറൽ | 240000 | 881030 |
| | | 649600 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി.) | 640000 | 9600 |
| | | 391875 | സ്നേഹ സ്പർശം | 391875 | 0 |
| | | 200000 | ക്ഷീരസമൃദ്ധി | 200000 | 0 |
| | | 0 | ബയോഗ്യാസ് പ്ലാന്റ് | 500000 | 0 |
| | ~~ആകെ~~ | 3057005** | | 2438175 | 1267689*** |

*പ്രോജക്റ്റിന് ജില്ലാപഞ്ചായത്ത് വിഹിതം ലഭിക്കാതെ ചെലവ് ചെയ്തു.2019-20 സാമ്പത്തിക വർഷം തുക ലഭിച്ചു

**ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് 24000 ബ്ലോക്ക് ഹെഡിലാണ് വരവായി രേഖപ്പെടുത്തിയത്.

*** വാർഷിക ധനകാര്യ പത്രിക പരിശോധന റിപ്പോർട്ടിൽ നീക്കിയിരിപ്പ് തുകയുടെ പൊരുത്തക്കേട് സംബന്ധിച്ച വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്.

| | 17-18 B4 പ്രകാരം മുന്നിരിപ്പ് | 18-19 RP 31 പ്രകാരം | ആകെ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | 18-19 B4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് വിഹിതം | 0 | 3644505 | 3644505 | 3487575 | 200130 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 170813+*500000 | **3033005 | 3703818 | 2438175 | ***1267689 |

*500000 രൂപ , 2017-18 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

**ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് 24000 ബ്ലോക്ക് ഹെഡിലാണ് വരവായി രേഖപ്പെടുത്തിയത്.

*** വാർഷിക ധനകാര്യ പത്രിക പരിശോധന റിപ്പോർട്ടിൽ നീക്കിയിരിപ്പ് തുകയുടെ പൊരുത്തക്കേട് സംബന്ധിച്ച വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 844874 | 0 | 844874 |
| കെ.എസ്.ഇ.ബി | കൊച്ചു മുസലിയാർ റോഡിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 164/18-19 | 43374 | 0 | 43374 |
| വാട്ടർ അതോറിറ്റി | ശ്രീപാദം വാർഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കലും പൊതു ടാപ്പ് സ്ഥാപിക്കലും | 182050 | 0 | 182050 |
| വാട്ടർ അതോറിറ്റി | പാച്ചിറ വാർഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കലും പൊതു ടാപ്പ് സ്ഥാപിക്കലും | 300000 | 0 | 300000 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി* | ആനതാഴ്ചിറ ലക്ഷം വീട് കോളനിയിൽ കുഴൽകിണർ സ്ഥാപിക്കൽ | 208700 | 0 | 208700 |

*ഗ്രൗണ്ട് വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ തുക കേരള വാട്ടർ അതോറിറ്റി എന്ന ഹെഡിലാണ് ചെലവഴിച്ചത്.

**കേരള വാട്ടർ അതോറിറ്റിയ്ക്ക് മുൻവർഷം നൽകിയ 100000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 104867409 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 105830274 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1050/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 18122/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3210050/- |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1050/- | | ശ്രീ.സായുർദേവൻ.എസ്.കെ.,<br>സെക്രട്ടറി |
| 3-1 | | 5692/- | ശ്രീമതി മേരി ജിഷ,<br>അസി.എഞ്ചിനീയർ |
| 3-2 | | 10000/- | ശ്രീ.സായുർദേവൻ.എസ്.കെ.,<br>സെക്രട്ടറി |
| 3-3 | | 2430/- | ശ്രീമതി.ശരണ്യ എസ്.എസ്,<br>കൃഷി ഓഫീസർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 1-32 | 40050 | ശ്രീ.സായുർദേവൻ.എസ്.കെ., സെക്രട്ടറി |
| ~~1-48~~ | ~~2170000~~ | ശ്രീ.അഭിലാഷ്.എം.എ., വി.ഇ.ഒ.-2 |
| 1-49 | 1000000/- | ശ്രീ.ഗോപകൃഷ്ണൻ.റ്റി.എസ്, അസി.സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മേരി ജിഷ | അസി.എഞ്ചിനീയർ, പാണ്ടനാട് പഞ്ചായത്ത്, ചെങ്ങന്നൂർ ബ്ലോക്ക് | ചാരൻകല്ലുവീട്, പൊള്ളത്തായ് പി.ഒ, ആലപ്പുഴ. |
| ശ്രീ.സായുർദേവൻ.എസ്.കെ. | സേവനത്തിൽ നിന്നും വിരമിച്ചു. | വിഘ്നേശ്വര, കുനംകുളം ലൈൻ,മെഡിക്കൽ കോളേജ് പി.ഒ.തിരുനനന്തപുരം |
| ശ്രീ.അഭിലാഷ്.എം.എ., | വി.ഇ.ഒ.-2, അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത്. | തിരുവോണം, ബാലരാമപുരം. പി.ഒ. |
| ശ്രീമതി ശരണ്യ എസ്.എസ് | കൃഷി ഓഫീസർ, അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത്. | എസ്.എസ് ഭവൻ, മണലുവിള, മാരായമുട്ടം പി.ഒ |
| ശ്രീ.ഗോപികൃഷ്ണൻ.റ്റി.എസ് | അസിസ്റ്റന്റ് സെക്രട്ടറി അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത്. | മഞ്ജിമ, 36/18-15, പെരുന്താന്നി, തിരുവനന്തപുരം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ്

# റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.11/877/18 തീയതി 14.06.2018 | 6 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.11/877/18 തീയതി 14.06.2018 | 3 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.11/877/18 തീയതി 14.06.2018 | 2 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.11/1098/15 തീയതി 01.09.2015 | 12 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.11/1288/16 തീയതി 28.07.2016 | 14 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.11/1891/2016 തീയതി 05.11.2016 | 12 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.11/690/2017 തീയതി 09.08.2017 | 12 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.11/2194/19 തീയതി 07.12.2019 | 24 | |

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിന്റെ 2018-19 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ബി.റ്റി.23.6.2020